Vol. 20. No. 8.

# കർമ്മലകുസുമം

# The Flower of Carmel



പ്രതിമാസപത്രിക.

August 1922.

# വിഷയ വിവരണിക


പേജ്.

1 മംഗളം. ശ്രീമാൻ പൊൻകുന്നം വി. ജെ. ജോസഫ് 169

2 പരിശുദ്ധ മറിയത്തിന്റെ സ്വർഗ്ഗാരോഹണം. „
റവ. ഫാദർ അലോഷ്യസ് സി. ഡി.

3 അദ്ധ്യാപകനായ ഒരു രക്തസാക്ഷി. 172
റവ. ഫാദർ മാത്യു പുതിയിടം.

4 മരിയാംബികാസ്തവം. (പദ്യം) 173
ശ്രീമാൻ സി. എം. സെബാസ്ത്യൻ, അതിരമ്പുഴ.

5 യാക്കോബായസഭയുടെ ഉത്ഭവം. 174
റവ. ഫാദർ ജോസഫ് പഞ്ഞിക്കാരൻ എം. എ.

6 സുവിശേഷവിവരണം. (റവ. ഫാദർ ഹില്ലാരേയോൻ സി. ഡി) 176

7 ദിവ്യകാരുണ്യമഹാജനസഭ. (ന. ദീ.) 178

8 കത്തോലിക്കാപത്രങ്ങൾ. 180
ശ്രീമാൻ പി. ജെ. തോമസ് എം. എ. (ഓണേഴ്സ്)

9 പാപ്പാമതം പുകച്ചുകളയും. (ഒരു കഥ) 181
റവ. ഫാദർ സൈമൺ സി. ഡി.

10 മാതാവിന്റെ മുത്തിനിയ (പദ്യം) നമ്മുടെ യുവകവികൾ 186

11 തിരുഹൃദയപൊതുനിയോഗം. 188

12 പുതിയ പുസ്തകങ്ങൾ. 189

13 കുറിപ്പുകളും വർത്തമാനങ്ങളും. 190

14 ചരമവാർത്തകൾ.

15 മനോഗുണവിവരങ്ങൾ 191

16 പഞ്ചാംഗം. 192

പരസ്യം.


## ഗ്രന്ഥാവലിവകക്കു പണം അടച്ചവരുടെ പേരുവിവരം.

| അവർകൾ, | രൂ. | അവർകൾ, | രൂ. |
|---|---|---|---|
| ബ. അറയ്ക്കൽ പീയൂസച്ചൻ | 1 | ബ. മടത്തുംചാലിൽ യാക്കോച്ചൻ | 1 |
| „ വെച്ചിയാനിക്കൽ യൌസേപ്പച്ചൻ | 1 | „ നെൽക്കര യൌസേപ്പച്ചൻ | 1 |
| „ മൂഞ്ഞേലിൽ തോമ്മാച്ചൻ | 1 | റവ. ഫാദർ ജോൺ അക്കര. | 1 |
| „ പെരുമാലിപ്പുറക്കരിയിൽ തോമ്മാച്ചൻ | 1 | „ „ ബ്രോക്കാർഡ കമ്മൻകോട്ട് | 1 |
| „ നിലവരത്തു മത്തായിഅച്ചൻ | 1 | „ „ മേൻഡസ് പുത്തൻതോപ്പ് | 1 |
| „ മണിയംകോട്ടു യോഹന്നാനച്ചൻ | 1 | „ „ ജെ. സി. കല്ലാലകം. | 1 |
| „ വേഴപ്പറമ്പിൽ ഇട്ടൂപ്പച്ചൻ | 1 | „ സിറിയക്ക് കാപ്പിൽ. | 1 |
| „ പയ്യപ്പിള്ളി മത്തായിഅച്ചൻ | 3 | മ. രാ. രാ. പി. കെ. ജോസഫ് കലവൂർ | 1 |
| „ കണ്ടംകുളം യൌസേപ്പച്ചൻ | 1 | „ പി. ജെ. മാത്തൻ പാട്ടത്തിൽ പുളിങ്കുന്ന്. | 1 |
| „ പാറയ്ക്കൽ സ്കറിയാച്ചൻ | 1 | „ മാനേജർ, സെൻറുമേരീസ് ഗേൾസ് സ്കൂൾ ഒല്ലൂർ. | 1 |
| „ വടക്കേൽ മത്തായിഅച്ചൻ | 1 | | |
| „ വാഴത്തറ ഔസേപ്പച്ചൻ | 1 | | |

# കർമ്മലകുസുമം.

പുസ്തകം ൧൦ ൧൯൨൨ ഓഗസ്റ്റ് ലക്കം ൮


## മംഗളം.

ആമോദാഭോഗ,മാഭാവിമലത,വിലസന്മന്ദഹാസാഭിരാമ-
ക്ഷേമോദഞ്ചൽ സുവൃത്തം, സമമിചസതതം ചേർന്നു മിന്നുന്ന നിന്നിൽ
പ്രേമോദാരത്തൊടെത്തിബ്ബുധജനനിരയാം ചഞ്ചരീകങ്ങൾ ശ്ലോകം
സാമോത്ഥ്യൽ ചാരുഗീതാമൃതമൊട്ട 'സുമ'മേ! ചേലൊടും നീ ലസിപ്പൂ.

പൊൻകുന്നം വി. ജെ. ജോസഫ്.

## പരിശുദ്ധ മറിയത്തിന്റെ സ്വർഗ്ഗാരോഹണം.

ദൈവജനനിയുടെ സ്വർഗ്ഗാരോഹണത്തിരുനാളായ ഈമാസം ൧൫-ാംനു- ഈ നാഥയുടെ മരണത്തേയും ഉത്ഥാനത്തേയും കിരീടധാരണത്തേയുംകുറിച്ചാണല്ലോ നാം സ്മരണ കൊണ്ടാടുന്നത്. ഈ മൂന്നു സംഗതികളേക്കുറിച്ചും ഈ അവസരത്തിൽ നാം അല്പം ആലോചിക്കുന്നതു പ്രയോജനകരമായിരിക്കും.

ആദ്യം കന്യകമറിയത്തിന്റെ നിര്യാണത്തേക്കുറിച്ചു ചിന്തിക്കാം. ഈ അമ്മയുടെ മരണം സമാധാനവും ഭാഗ്യവും നിറഞ്ഞതായിരുന്നു. മരണത്തെ വ്യസനകരമാക്കിത്തീർക്കുന്നതു ലൌകികവസ്തുക്കളിന്മേലുള്ള പക്ഷവും പാപത്താൽ അശുദ്ധമായ മനസ്സാക്ഷിയുടെ കടിയും നിത്യഭാഗ്യലബ്ധിയുടെ അനിശ്ചയവുമാണെന്നുള്ളതിന്നു സംശയമില്ല. എന്നാൽ ജന്മപാപരഹിതയായ പരിശുദ്ധ മറിയത്തിൽ, ബുദ്ധിയും ജഡവും തമ്മിലുള്ള മത്സരവും ദുരാശാപാശവും അശ്ശേഷം ഇല്ലാതിരുന്നതിനാലും, ഈ നാഥ ദൈവത്തെ നിരന്തരമായി ധ്യാനിച്ചും സർവ്വാത്മനാ സ്നേഹിച്ചുമിരുന്നതിനാലും, പ്രപഞ്ചവസ്തുക്കളിൽനിന്നു ആ അമ്മയുടെ ഹൃദയം പൂർണ്ണമായി വിമുക്തമാകയും, അല്പ പാപത്തിന്റെ നിഴൽപോലും അതിൽ തട്ടാതിരിക്കയും ചെയ്തു തദ്വാരാ, നിത്യഭാഗ്യലബ്ധിയേക്കുറിച്ചു ലേശംപോലും സംശയിക്കാതെ അതിനെ എല്ലായ്പോഴും പ്രതീക്ഷിച്ചുകൊണ്ടും വേഗം മരിച്ചു തന്റെ പുത്രന്റെ പക്കൽ ചെല്ലണമെന്നുള്ള ആഗ്രഹാധിക്യത്താൽ ഈ ഉദ്ദേശസാദ്ധ്യത്തിന്നായി അതിതീക്ഷ്ണമായ പ്രാർത്ഥനകൾ ദൈവസന്നിധിയിൽ സമർപ്പിച്ചുകൊണ്ടുമാണിരുന്നത്. ഈ പ്രാർത്ഥന ദൈവം കൈക്കൊണ്ടതായും താമസംവിനാ നിത്യമഹത്വത്തിലേക്കു ആ നാഥയെ ഉയർത്തുവാനിരിക്കുന്നതായും മരണത്തിന്നു ഏതാനും ദിവസങ്ങൾക്കുമുമ്പു ഗബ്രിയേൽ മാലാഖാ മാതാവിനോടു

അറിയിക്കയുണ്ടായി. പ്രസ്തുത സാഹചര്യങ്ങളാൽ പരിശുദ്ധ കന്യകയുടെ നിര്യാണം എത്രയും മാധുര്യവും ഭാഗ്യവുമുള്ളതായിരുന്നെന്നു സിദ്ധിക്കുന്നുണ്ടല്ലോ. ആസന്നമരണയായ പ. മറിയത്തെ നോക്കുവിൻ. എത്രയൊ സ്വർഗ്ഗീയപ്രകാശം മുഖത്തുവീശുന്നു! ദിവ്യജനനിയുടെ മരണത്തെ ഭാഗ്യമുള്ളതാക്കിതീർക്കുന്നതിന്നായി അവിടെ സന്നിഹിതരായിരിക്കുന്ന ആളുകളുടെ കാഴ്ച എത്രയൊ മനോഹരം! സുവിശേഷ പ്രസംഗാർത്ഥം പലേ വിദൂരദേശങ്ങളിൽ പോയിരുന്ന ശ്ലീഹന്മാരിൽ വി. തോമ്മാ ഒഴികെ മററുള്ളവരെല്ലാവരും ദൈവിക ശക്തിയാൽ മാതാവിന്റെ മുറിയിൽ ആഗമിക്കുന്നു. അപ്പോൾ ഈ നാഥ തന്റെ മരണസമയം അടുത്തിരിക്കുന്നുവെന്നു അവരോടു അറിയിക്കുന്നു. ഇതുകേട്ടു് അവരെല്ലാവരും ദുഃഖാബ്ധിയിൽ മുങ്ങിയെന്നു പറയേണ്ടതില്ലല്ലോ. മാതാവു അവരെ എല്ലാവരേയും ആശ്വസിപ്പിച്ചു. ദൈവദൂതന്മാർ കൂട്ടംകൂട്ടമായി അവിടെ വരുന്നതും, ഈശോമിശിഹാതന്നെ മാതാവിനെ സ്വർഗ്ഗത്തിലേക്കു കൂട്ടിക്കൊണ്ടുപോകുന്നതിന്നായി അവിടെ എഴുന്നള്ളുന്നതും നോക്കുവിൻ. ആ മുറി സ്വർഗ്ഗീയപ്രകാശത്താലും പരിമളത്താലും പൂരിതമാകയും വാനാത്രുപികളുടെ കർണ്ണാമൃതങ്ങളായ ഗീതവാദ്യങ്ങൾ സകലരേയും ആനന്ദഭരിതരാക്കുകയും ചെയ്യുന്നു. വി. യോഹന്നാൻ ദമഷേൻ പ്രസ്താവിക്കുന്നപ്രകാരം ഈശോകർത്താവുതന്നെ പരിശുദ്ധ കന്യകക്കു തിരുപ്പാഥേയമായി ദിവ്യകാരുണ്യം കൊടുത്തുകൊണ്ടു "ഇതാ! എന്റെ അമ്മേ! നീ എനിക്കുതന്ന ശരീരംതന്നെ എന്റെ കരങ്ങളിൽനിന്നു കൈക്കൊള്ളുക" എന്നു അരുളിച്ചെയ്യുന്നു. ഇതിനെ ദിവ്യജനനി സ്വീകരിച്ചശേഷം ദൈവസ്നേഹാഗ്നിപ്രളയത്തിൽ നിമഗ്നയായി "എന്റെ പുത്രാ! അങ്ങേ തിരുക്കരങ്ങളിൽ എന്റെ ആത്മാവിനെ ഞാൻ കയ്യാളിക്കുന്നു" എന്നു ചൊല്ലിയ ഉടൻ ദീനംകൊണ്ടല്ല, സ്നേഹാതിരേകത്താൽതന്നെ ആത്മാവു കർത്താവിന്റെ തിരുക്കരങ്ങളിലേക്കു കുതിച്ചുചാടുകയാണുണ്ടായതു്. ഹാ! എത്രയൊ ആനന്ദംനിറഞ്ഞ മരണം!!



ഇനി മാതാവിന്റെ ഉത്ഥാനത്തെക്കുറിച്ചു നമുക്കാലോചിക്കാം. ജന്മപാപം കൂടാതെ ജനിച്ചവളും ദൈവ ജനനിയുമായ പരിശുദ്ധ മറിയം മരണത്തിന്നു വശംവദയാകേണ്ടതല്ലായിരുന്നു. എങ്കിലും തന്റെ പുത്രനോടു സകലത്തിലും തുല്യയാകുന്നതിന്നുവേണ്ടി ദൈവജനനിയും മരിക്കുന്നതിനു സർവ്വേശ്വരൻ തിരുമനസ്സായി. എന്നാൽ ആ കന്യകയുടെ നിർമ്മലവും അതിപാവനവുമായ ശരീരം— നിത്യവചനം മാംസം എടുത്തതും ഒമ്പതുമാസം വസിച്ചതും ദൈവത്തിന്റെ ആലയവും കൂടാരവുമായ ആ ജഡം— ക്ഷയിക്കുന്നതിന്നും കൃമികളുടെ ഭോജനമാകുന്നതിന്നും ദൈവം അനുവദിച്ചോ? ഇല്ല. ആ കന്യക മരിച്ചിട്ടു മൂന്നാംദിവസം ദൈവികശക്തിയാൽ മഹാമഹത്വത്തോടെ ഉയിർത്തു സ്വർഗ്ഗത്തിലേക്കു എഴുന്നള്ളുകയാണുണ്ടായതു്. മരണനേരത്തു സന്നിഹിതനല്ലാതിരുന്ന വി. തോമ്മാ മൂന്നാംനാൾ അവിടെവന്നുചേർന്നു. വി. ശ്ലീഹായിക്കു ദിവ്യജനനിയെ കാണുന്നതിന്നുള്ള അത്യാശയാൽ വിശുദ്ധ കല്ലറ തുറന്നപ്പോൾ, തിരുവസ്ത്രങ്ങളെ അല്ലാതെ തിരുശ്ശരീരം അവിടെ

കാണുന്നില്ല. തന്നിമിത്തം പരിശുദ്ധ കന്യക ഉയിർത്തു എല്ലാവർക്കും ബോദ്ധ്യമായി. സ്വർഗ്ഗത്തിലേക്കു എഴുന്നെള്ളുന്ന ഈ നാഥയെ എതിരേല്ക്കുന്നതിന്നായി ദൈവദൂതന്മാരും ഈശോ മിശിഹായും ആഗമിക്കുന്നു. അപ്പോൾ "എന്റെ അമ്മേ! ആത്മാവിലും ശരീരത്തിലും നിത്യപരമാനന്ദഭാഗ്യം അനുഭവിക്കുന്നതിന്നായി നീ വരിക. ഈ ഭൂമിയിൽ അത്യധികം നീ പാടുപെട്ടതുകൊണ്ടു ഞാൻ നിനക്കായി സ്വർഗ്ഗത്തിൽ ഒരുക്കിവെച്ചിരിക്കുന്ന മഹത്വം എത്രയും വലിയതായിരിക്കും. നീ മഹാരാജ്ഞിക്കടുത്ത കിരീടം ധരിച്ചു എന്നേക്കും എന്റെ അടുക്കൽ ഇരുന്നു വാഴും" എന്നാണു ദിവ്യരക്ഷകൻ അരുളിച്ചെയ്തതു്. ദിവ്യകന്യക അന്തരീക്ഷം കടന്നു സ്വർഗ്ഗത്തിലേക്കു കരേറുന്നു. അതിന്റെ പ്രവേശനത്തോടു സമീപിക്കുകയിൽ പിതൃപിതാക്കളും ദീർഘദർശികളും ശ്ലീഹന്മാരുടെ പ്രതിനിധിയായി വി. യാക്കോബ്ശ്ലീഹായും വേദസാക്ഷികളും വന്ദകന്മാരും കന്യകകളും സകല വിശുദ്ധന്മാരും പരിശുദ്ധ അമ്മയെ എതിരേററു വണങ്ങിസ്തുതിക്കുന്നതും സകല ദൈവദൂതന്മാരും വന്നു ആ നാഥയെ ബഹുമാനിച്ചു മനോഹരവും ആനന്ദകരവുമായ ഗീതങ്ങൾ പാടുന്നതും എത്ര ശ്രോത്രാമൃതം! പരിശുദ്ധ മറിയം ദൈവസിംഹാസനത്തിങ്കൽ സാഷ്ടാംഗംവീണു ദൈവമഹത്വത്തെ ആരാധിക്കയും, അളവററ കരുണയാൽമാത്രം തനിക്കു നൽകിയ മഹത്തായ വരങ്ങളെക്കുറിച്ചും പ്രത്യേകം ദൈവപുത്രന്റെ മാതാവായി തന്നെ തെരഞ്ഞെടുത്തതിനെക്കുറിച്ചും പരിശുദ്ധ ത്രിത്വത്തിന്നു കൃതജ്ഞത പ്രദർശിപ്പിക്കയും ചെയ്യുന്നു. പിതാവായ ദൈവം തന്റെ മകളായും, പുത്രൻ തന്റെ മാതാവായും, പരിശുദ്ധാത്മാവു തന്റെ മണവാട്ടിയായും പരിശുദ്ധ കന്യകയെ സൽക്കരിച്ചപ്പോൾ പ്രത്യക്ഷപ്പെട്ട സ്നേഹം ബഹുമാനം സന്തോഷം ആദിയായവ ആർക്കുഗ്രഹിക്കുന്നതിന്നു കഴിയും?

കടശിയായി ദൈവജനനിയുടെ മഹത്വമുള്ള കിരീടധാരണത്തെക്കുറിച്ചും വിചിന്തനംചെയ്യാം. പിതാവു തന്റെ ശക്തിയിലും, പുത്രൻ തന്റെ ജ്ഞാനത്തിലും, പരിശുദ്ധാത്മാവു തന്റെ സ്നേഹത്തിലും പരിശുദ്ധ കന്യകയെ ഭാഗഭാക്കാക്കി മഹത്വപ്പെടുത്തുന്ന പരിശുദ്ധ ത്രീത്വം ഈ നാഥയെ ത്രിലോകരാജ്ഞിയായി കിരീടം ധരിപ്പിക്കയും, ദൈവദൂതന്മാരും പരിശുദ്ധന്മാരും സകല സൃഷ്ടികളും ഈ മാതാവിനെ തങ്ങളുടെ രാജ്ഞിയായി സ്വീകരിച്ചു ബഹുമാനിക്കുന്നതിന്നും സേവിക്കുന്നതിന്നും അനുസരിക്കുന്നതിന്നും കല്പിക്കയും ചെയ്യുമ്പോൾ, സകല മാലാഖാമാരും പരിശുദ്ധന്മാരും തങ്ങളുടെ രാജ്ഞിയായി പരിശുദ്ധ മറിയത്തെ വണങ്ങി പാടിസ്തുതിച്ചു. നാല്പത്തഞ്ചാം സങ്കീർത്തനത്തിൽ രാജദീർഘദർശി പാടുന്നതുപോലെ രാജകുമാരിയായ സ്വർഗ്ഗീയരാജ്ഞി സകല പുണ്യവാന്മാരേയും ദൈവദൂതന്മാരേയുംകാൾ സീമാതീതമായവിധത്തിൽ ഉയർത്തപ്പെട്ടു തന്റെകുമാരനായ ഈശോമിശിഹായുടെ വലത്തുഭാഗത്തു തന്നെയാണു് ഉന്നത സിംഹാസനത്തിൽ എഴുന്നെള്ളിയിരിക്കുന്നതു. ദൈവത്തെ സ്നേഹിക്കുന്നവർക്കു അവിടുന്നു ഒരുക്കിവെച്ചിരിക്കുന്ന ഭാഗ്യമഹത്വം പൌലോസ്ശ്ലീഹാ പറയുന്നതുപോലെ മനുഷ്യബുദ്ധികൊണ്ടു ഗ്രഹിക്കാവതല്ലെങ്കിൽ, വി. ബർണ്ണാർദിന്റെ അഭിപ്രായപ്രകാരം ദൈവത്തെ ഉദരത്തിൽ ധരിച്ചവളും പ്രസവിച്ചവളും വളർത്തിയവളുമായ ദൈവമാതാവിന്റെ അളവററ ഭാഗ്യമഹത്വങ്ങളെ ഗ്രഹിപ്പാൻ ആർക്കു കഴിയും?

വി. ബസീലേ്യാസ് പറയുന്നതനുസരിച്ചു, സൂര്യന്റെ പ്രകാശം സകല നക്ഷത്രങ്ങളുടെ ശോഭയേക്കാൾ എത്രയധികം വലിയതായിരിക്കുന്നുവോ, രാജ്ഞിയും മാതാവുമായിരിക്കുന്ന മറിയത്തിന്റെ മഹത്വം സകല സ്വർഗ്ഗവാസികളുടേതിനേയുംകാൾ അത്രയും ഉന്നത പദവിയിലാണു നിൽക്കുന്നതു. അത്രയുമല്ല, വി. പത്രോസു ദമിയാനോസിന്റെ അഭിപ്രായപ്രകാരം ചന്ദ്രന്റേയും താരകകളുടേയും പ്രകാശം സൂര്യന്റെമുമ്പാകെ മങ്ങിപ്പോകുന്നതുപോലെ പരിശുദ്ധ മറിയത്തിന്റെ മഹത്തായ പ്രകാശത്തോടു സകല മാലാഖാമരുടേയും പരിശുദ്ധന്മാരുടേയും മഹത്വത്തെ തുലനംചെയ്തു നോ

ക്കിയാൽ ഇതു അന്ധകാരംപോലെ കാണപ്പെടും. ഹാ! ദൈവജനനിയുടെ സ്വർഗ്ഗീയ മഹത്വം എത്രയൊ അളവററതും അഗോചരവുമായിരിക്കുന്നു!

സ്വർഗ്ഗത്തിൽ ഇത്ര മഹോന്നത പദവി പ്രാപിച്ചിരിക്കുന്ന ത്രിലോകരാജ്ഞി നമ്മുടെ അമ്മയുമായിരിക്കയാൽ നാം സന്തോഷിക്കയും ഈ അമ്മയെ വണങ്ങി സ്തുതിക്കയും ചെയ്യണം. അടുത്തിരിക്കുന്ന സ്വർഗ്ഗാരോഹണത്തിരുനാൾ ഭക്തിപൂർവ്വം കൊണ്ടാടുന്നതിനും, അതിനു മുമ്പുള്ള നവദിന ജപങ്ങൾ സശ്രദ്ധം ചൊല്ലിയും മാതാവിനെക്കുറിച്ചു പാടുള്ള സൽകൃത്യങ്ങൾ ചെയ്തും ആ തിരുനാളിനു ഒരുങ്ങുന്നതിനും, തിരുനാൾ ദിവസം കുമ്പസാരിച്ചു ദിവ്യകാരുണ്യം സ്വീകരിക്കുന്നതിനും നാം ഉൽസുകരാകണം. ദൈവമാതാവിന്റെ ഭക്തി നിത്യരക്ഷയുടെ അടയാളമാണെന്നുള്ളതു സർവ്വദാ സ്മരിച്ചുകൊണ്ടു പ്രതിദിനം ഈ അമ്മയെക്കുറിച്ചു ഏതെങ്കിലും ഭക്തകൃത്യം ചെയ്യുന്നതിനു നാം ജാഗരൂകരാകണം. ഇതോടുകൂടെ ഈ നാഥയിൽ വിളങ്ങിയിരുന്ന എളിമ, പരിശുദ്ധത, ക്ഷമ, ഉപവി, കീഴ്വഴക്കം, ആദിയായ പുണ്യങ്ങളെ അനുകരിച്ചു ഈ അമ്മയുടെ യഥാർത്ഥമക്കളായിത്തീരുമെങ്കിൽ സ്വർഗ്ഗത്തിൽ ഈശോമ്ശിഹായുടെയും പ. കന്യകമറിയത്തിന്റെയും മഹത്വങ്ങളെ ദർശിച്ചു എന്നേക്കും അവരെ സ്തുതിച്ചാനന്ദിക്കുന്നതിനു നമുക്കും സംഗതിയാകുന്നതാണ്.

ഫാദർ അലോഷ്യസ് സി. ഡി.

## അദ്ധ്യാപകനായ ഒരു രക്തസാക്ഷി.

“സ്വജീവനെ എനിക്കു വേണ്ടി നഷ്ടപ്പെടുത്തുന്നവൻ അതിനെ രക്ഷിക്കും ”
(ലൂക്ക. 1X-24)

അഗസ്റ്റ് മാസം ൧൩-നു-യാണ വി. കാസ്സിയാന്റെ തിരുനാൾ. ഇദ്ദേഹം ഇററലി രാജ്യത്തിൽ റവേന പട്ടണത്തിനു സമീപമുള്ള ‘ഇമോള’ എന്ന സ്ഥലത്തു ഒരു പള്ളിക്കൂടം നടത്തുകയായിരുന്നു. ഏകദേശം ഇരുനൂറോളം വിദ്യാർത്ഥികൾ അദ്ദേഹത്തിന്റെ കീഴിലുണ്ടായിരുന്നു. ദൈവം തന്റെ തെരഞ്ഞെടുക്കപ്പെട്ടവരെ പരിശുദ്ധമാക്കുന്നതു പലേവിധത്തിലാണല്ലോ. പൊടുന്നനവെ മതത്യാഗിയായ ജൂലിയൻ ചക്രവർത്തിയുടെ ആജ്ഞാനുസരണം പ്രചണ്ഡമായ ഒരു മതപീഡനത്തിന്റെ ധ്വനി നാടെങ്ങും മാറെറാലികൊണ്ടു. ക്രിസ്ത്യാനി എന്നറിഞ്ഞയുടനെ നമ്മുടെ കാസ്സിയാൻ വാദ്ധ്യാർ അറസ്ററു ചെയ്യപ്പെട്ടു. വിഗ്രഹങ്ങൾക്കു ബലി അർപ്പിക്കണമെന്ന കല്പനയെ നിരാകരിക്കയാൽ അദ്ദേഹം സ്വശിഷ്യഗണത്താൽ തന്നെ വധിക്കപ്പെടുന്നതിനാണു വിധിക്കപ്പെട്ടതു്. ഭടന്മാർ അദ്ദേഹത്തെ ദിഗംബരനായി വിദ്യാർത്ഥികളുടെ മദ്ധ്യേ കിടത്തി. തദനന്തരം കാവ്യരായ ആ ചെറു ഘാതകന്മാർ തന്റെ പ്രാണഹനനത്തിനായി യഥാശക്തി യത്നം തുടങ്ങി. അക്കാലത്തു വിദ്യാർത്ഥികൾ ഒരു വക ഇരുമ്പുനാരായം കൊണ്ടു മെഴുകു പതിച്ച പലകയിലാണു എഴുതിവന്നിരുന്നതു്. ചിലർ ഈ നാരായം കാസ്സിയന്റെ ദേഹത്തിൽ കുത്തിയിറക്കി; ചില കുത്തുകൾ പുറംതൊലി മാത്രമേ കീറിയുള്ളുവെങ്കിലും മുതിർന്ന കുട്ടികളുടെ കുത്തുകൾ കുടൽവരെ എത്തിയിരുന്നു. മററു ചിലർ എഴുത്തു പലകകളും പെൻസിലുകളും പേനാകത്തികളും അദ്ദേഹത്തിന്റെ മുഖത്തും തലയിലുമായി വലിച്ചെറിഞ്ഞു. വേറേ ചിലർ കത്തികൊണ്ടു മാംസം വാർന്നെടുത്തു. തന്റെ മാർദ്ദവമായ തൊലിപ്പുറത്തു മുറിച്ച് എഴുതുക ഒരു വിനോദമായി കരുതി പ്രവർത്തിച്ചവരും ഉണ്ടു്. ഏവംവിധം മുറിവേററു രക്തക്കുളത്തിൽ കുളിച്ചു കിടക്കയിൽ അദ്ദേഹം തന്റെ ബാല

കൊലപാതകന്മാരോടു ഒട്ടും ഉപേക്ഷ വിചാരിക്കാതെയും കൂടുതൽ ശക്തിയോടും പ്രവർത്തിയെത്തുടരുന്നതിനു സന്തോഷ പുരസ്സരം ആജ്ഞാപിച്ചതേയുള്ളു. ഇതു അവരെ തങ്ങളുടെ നീചകൃത്യത്തിൽ ഉത്സാഹഭരിതരാക്കുന്നതിനല്ല, ഈശോമിശിഹാക്കുവേണ്ടി വേഗം മരിക്കുന്നതിനുള്ള തന്റെ വാഞ്ഛയെ തൃപ്തിപ്പെടുത്തുന്നതിനു മാത്രമായിരുന്നു.

ഇമോളായിലെ ക്രൈസ്തവർ ആ സിദ്ധന്റെ തിരുശരീരത്തെ സംപൂജ്യം സംസ്കരിച്ചു. പ്രൂദെൻസ്സിയസ്സ് എന്ന പണ്ഡിതശ്രേഷ്ഠൻ റോമിലേക്കുള്ള തന്റെ യാത്രാമദ്ധ്യേ ഈ രക്തസാക്ഷിയുടെ ശവകുടീരത്തിങ്കൽ വളരെ കണ്ണുനീരോടു കൂടി പാപവിമോചനത്തിനായി പ്രാർത്ഥിച്ചെന്നും, അവിടെ അൾത്താരിയുടെ മീതെ ഈ വിശുദ്ധന്റെ മരണത്തെ അനുസ്മരിപ്പിക്കുന്ന ഒരു പടം തൂക്കിക്കിടക്കുന്നതായി അദ്ദേഹം കണ്ടു എന്നും പ്രസ്താവിക്കുന്നുണ്ട്.

ക്രിസ്ത്യാനികളേവർക്കും ആവശ്യപ്പെട്ടാൽ നിത്യശിക്ഷയിൻ കീഴ രക്തസാക്ഷികളാകുന്നതിനു കടമയുണ്ട്. വേദമുപേക്ഷിക്കണമെന്നും, വിസമ്മതിക്കുന്ന പക്ഷം ഇരു കരങ്ങളും വിച്ഛേദിക്കപ്പെടുമെന്നും ഉള്ള പതനത്തിൽ വേദത്തിനു പകരമായി കരങ്ങളെ കൊടുക്കുക തന്നെ നാം ചെയ്യണം. 'നിന്റെ ശരീരം മുഴുവനും നരകത്തിൽ പോകുന്നതിലും നല്ലതു നിന്റെ അംഗങ്ങളിൽ ഒന്നു നിനക്കു നഷ്ടപ്പെടുന്നതാകുന്നു. (മത്താ. V. 30) എന്റെ സ്നേഹിതന്മാരെ നിങ്ങളോടു ഞാൻ പറയുന്നു: ശരീരത്തെ കൊല്ലുകയല്ലാതെ പിന്നീടു ഒന്നും ചെയ്യുവാൻ കഴിവില്ലാത്തവരെ നിങ്ങൾ ഭയപ്പെടേണ്ട. നിങ്ങൾ ഭയപ്പെടേണ്ടതു ആരെയെന്നു ഞാൻ കാണിച്ചുതരാം. കൊന്നതിന്റെ ശേഷം നരകത്തിൽ അയക്കുന്നതിനു ശക്തിയുള്ളവനെ ഭയപ്പെടുവിൻ. ഞാൻ നിങ്ങളോടു വീണ്ടും പറയുന്നു അവനെ ഭയപ്പെടുവിൻ. (ലൂക്കാ: XII. 4. 5)

ഫാദർ മാത്യു പ്രതിയിടം.

## മരിയാംബികാസ്തവം.

(യമകം)

സരസസാരസസാമ്യപദത്തോടും
സുരവരാരവരാഗഭരത്തോടും
പരമയായ് രമയായി വിളങ്ങിടും
'മറിയ'മേറിയമേന്മയണസ്സുണേ!.

'അമലമാമല'മാന്യ മഹേശ്വരി!
രമണിമാർ മണിമാർഗ്ഗസു ദീപികേ!
നിയതമായതമായ ഗുണത്തോടെൻ
മൊഴികളാഴികളായി വിളങ്ങണേ!.

ഭവികഭാവികഭാസപതി; സദ്ഘ്രാ
മലിനമാലിനമാന്തമണച്ചനിൻ
പദമലംദമലംബനമെന്നപോൽ
കരുതുമെൻരുതമെങ്കിലുമോർക്കണേ!.

സുജനഭാജനഭാഗ്യവതീ സദാ
പിഴകളേഴകളേതു മകറ്റുവാൻ
വിനയമാനയമായിവരിക്കുമെൻ
ദുരിതദൂരിതദൂവഹിസ്സുണേ!.

സുരസനേ! രസനേ മമസാദരം
ഭണിതിവാണിതി വാഴ്ത്തുവതോർത്തുനീ
അമരപാമരപാലകിയെന്റെദു-
ർബ്ബുദ്ധിയുമാധിയുമാശുതകർക്കണേ!.

മരണമാരണമായവരോടു ഞാൻ
കരണകാരണകാര്യ ഗണങ്ങളാൽ
തരണമേ! രണമേറ്റുജയിക്കുവാൻ
വരമരംരമരംഗ വിലാസിനീ;.

അതിരമ്പുഴ സി. എം. സെബാസ്ത്യൻ.

# യാക്കോബായ സഭയുടെ ഉൽഭവം.

(തുടർച്ച)

## കാൽചദോൻ പൊതുസൂനഹദോസ്.

മുൻവിവരിച്ച സംഭവങ്ങൾ നടന്നയുടനെ അവയുടെ അനൌചിത്യത്തെയും അനീതിയേയും കുറിച്ച് പല ആളുകളിൽനിന്നും മാർപ്പാപ്പായ്ക്കു എഴുത്തുകൾ കിട്ടിക്കൊണ്ടിരുന്നു. പ്ലാവിയാനോസും ന്യായരഹിതമായി സ്ഥാനഭ്രഷ്ടരാക്കപ്പെട്ട മററു മെത്രാന്മാരും പരിശുദ്ധ പിതാവിന്ന് ഹൎജികൾ സമൎപ്പിച്ചു. ഏറെ താമസിയാതെ തൻെറ പ്രതിനിധികളും വന്നുചേരുകയും, എഫെസൂസിൽ നടന്ന കൃത്യങ്ങളെല്ലാം അവർ പറഞ്ഞറികയും ചെയ്തു. ഉടനെ ഒരു പ്രാദേശിക സൂനഹദോസ് വിളിച്ചുകൂട്ടി. അതിൽവച്ച് "ദ്രോഹികളുടെ സൂനഹദോസിൻെറ" നടപടികളെയെല്ലാം നിഷേധിക്കുകയും ഈ വിവരം ഡയസ്കോറിസിനേയും അയാളുടെ അനുചരന്മാരേയും അറിവിക്കുകയും ചെയ്തു. ഇതിനിടയ്ക്കു രണ്ടാമത്തെ തിയൊഡോസിയസ് ചക്രവൎത്തി ൪൫൦-ാമാണ്ടു ജൂലൈ ൨൮-നു കാലഗതിയേപ്രാപിച്ചു. പകരം അയാളുടെ സഹോദരി പുൾക്കെരിയാ രാജ്യത്തിന്നവകാശി ആയിതീൎന്നു. രാജ്യഭരണത്തിൽ തന്നെ സഹായിക്കുന്നതിനു ധീരനും ഭക്തനുമായ മാർസിയോൺ പ്രഭുവിനെ ഇവൾ ഭൎത്താവായി വരിച്ചു. സ്ഥാനാരോഹണാനന്തരം അദ്ദേഹം അത്യന്തവിനയബഹുമാനാദരങ്ങളോടുകൂടി മാർപ്പാപ്പായ്ക്കു ഒരെഴുത്തയച്ചു. അതിൽ പ. പിതാവിൻെറ അംഗീകരണത്തോടുകൂടി ഒരു പൊതുസൂനഹദോസ് വിളിച്ചുകൂട്ടുന്നതിന്നും, തദ്വാരാ സഭയിലുണ്ടായിരിക്കുന്ന കുഴപ്പങ്ങളെ നിൎമ്മൂലനം ചെയ്യുന്നതിന്നും താൻ സന്നദ്ധനാണെന്നു മാർസിയോണറിയിച്ചിരുന്നു. അതേവിധം തന്നെ പുൾക്കെരിയായും എഴുതുകയുണ്ടായി. മാർപ്പാപ്പായുടെ അധികാരത്താലത്രെ സൂനഹദോസ് വിളിച്ചുകൂട്ടേണ്ടതെന്നു ഈ എഴുത്തുകളിൽ അവർ ഏററു പറയുന്നുണ്ടു.

അപരിഷ്കൃത ജാതികളുടെ തലവന്മാരായ അത്തീല, ഗിയേസറിക്ക് മുതലായവർ റോമ്മാ സാമ്രാജ്യത്തെ അക്രമിച്ചുകൊണ്ടിരുന്ന സമയമാകയാൽ ഒരു പൊതുസൂനഹദോസ് സമാധാനമായി കൂടികഴിയുമൊ എന്നു മാർപ്പാപ്പാക്കു സന്ദേഹമുണ്ടായിരുന്നു. എങ്കിലും ചക്രവൎത്തിയുടെ താല്പൎയ്യപ്രകാരം സാമ്രാജ്യത്തിലുള്ള എല്ലാ മെത്രാന്മാരും നിക്യായിൽ ഒരു പൊതുസൂനഹദോസ് കൂടണമെന്നുള്ള അദ്ദേഹത്തിൻെറ ക്ഷണത്തെ മാർപ്പാപ്പാ അംഗീകരിച്ചുറപ്പിച്ചു. താനിക്കു സൂനഹദോസിൽ സന്നിഹിതനാകാൻ തരമില്ലാതിരുന്നതിനാൽ തൻെറ പ്രതിനിധികളായി, സിസിലിയിൽ ലിലിബേയും എന്ന ദിക്കിൻെറ മെത്രാനായ പസ്കാസിനസിനെയും, അസ്കോളിയായിലെ മെത്രാനായ ലൂസേൻഷിയസിനേയും, ഒരു പട്ടക്കാരനായ ബൊനിഫാസിനേയും നിയമിച്ചു.

മെത്രാന്മാർ നിക്യായിൽ കൂടികഴിഞ്ഞിട്ടും ചക്രവൎത്തിയ്ക്കു അതിൽ സംബന്ധിക്കുവാൻ സൌകൎയ്യമില്ലായ്കയാൽ, അവിടം വിട്ടു കോൺസ്റ്റാൻറിനോപ്പോളിന്നടുത്തുള്ള "കാൽച്ചിദൺ" എന്ന സ്ഥലത്തു കൂടണമെന്നു അവരെ അറിവിച്ചു. തദനുസരണം കാൽചിദോണിൽ വി. എവുഫേമിയായുടെ പള്ളിയിൽ വച്ച് ൪൫൧-ാമാണ്ടു ഒക്ടോബർ ൮-ാംനു- ഈ വലിയ പൊതുസൂനഹദോസുകൂടി. സാമ്രാജ്യത്തിൻെറ നാനാഭാഗങ്ങളിലും നിന്നു ൬൩൦ മെത്രാന്മാർ ഇതിൽ സംബന്ധിച്ചു. ഇത്രയധികം മെത്രാന്മാർ സംബന്ധിച്ചിട്ടുള്ള സൂനഹദോസ് പണ്ടൊരിക്കലും കൂടിയിട്ടില്ല. എന്നു തന്നെയല്ല ഇവരെല്ലാവരും, മാർപ്പാപ്പായുടെ പ്രതിനിധികളേയും അഫ്രിക്കായിലെ രണ്ടു മെത്രാന്മാരെയും ഒഴിച്ചാൽ, പൌരസ്ത്യ

മെത്രാന്മാരായിരുന്നെന്നത് പ്രത്യേകം സ്മരിക്കേണ്ടതാണ്. മിശിഹായുടെ മനുഷ്യത്വദിവ്യത്വവാദത്തെക്കുറിച്ച് ഈ സൂനഹദോസ് എങ്ങനെ തീരുമാനിക്കുന്നെന്ന് നമുക്കു പരിശോധിക്കാം.

ഈ മഹാസൂനഹദോസിൽ മാർപ്പാപ്പായുടെ പ്രതിനിധികൾ അഗ്രാസനം വഹിച്ചു. അവരു് ഒന്നാം പദവിയിൽ ആസനസ്ഥരാകയും, സൂനഹദോസു തുടങ്ങുകയും, അതിൻെറ നടപടികൾക്കു ഒന്നാമതായി ഒപ്പുവക്കുകയും ചെയ്യുന്നു. എന്നാൽ ഇവരു കഴിഞ്ഞാൽ കീഴ്നടപ്പും സ്ഥാനമുറയും അനുസരിച്ച് ഇരിക്കേണ്ടിയിരുന്നത് അലക്സാന്ത്രിയാ പാത്രിയക്കീസും, പിന്നീടു അന്തിയോക്കിയാ പത്രിയക്കീസുമായിരുന്നു. റോമ്മാ, അലക്സാന്ത്രിയാ, അന്തിയോക്കിയ, കോൻസ്റ്റാൻറിനോപ്പോലിസ്, ഓർശലേം എന്നാണല്ലൊ പാത്രിയക്കീസന്മാരുടെ സ്ഥാനപട്ടിക. എങ്കിലും ഈ യവസരത്തിൽ കോൻസ്റ്റാൻറിനോപ്പോളീസിലെ അനട്ടോളിയസ് പാത്രിയക്കീസ് രണ്ടാം സ്ഥാനത്താണു ഇരുന്നത്. ഇതിൻെറ കാരണം- അലക്സാന്ത്രിയാ പാത്രിയക്കീസിനെ മാർപ്പാപ്പാ നിഷ്കാസനം ചെയ്തിരുന്നതുകൊണ്ടും, അന്തിയോക്കിയായിലെ മാക്സീമസ് പാത്രിയക്കു, അനട്ടോളിയസിൻെറ ശുപാശ മൂലം തൽസ്ഥാനത്തേക്കു ഉയൎത്തപ്പെട്ടവനാകയാലും, ഇവർ രണ്ടുപേരും ഇതിന്ന് വിരോധം പറയുവാൻ ധൈൎയ്യപ്പെടാഞ്ഞതാണ്. ആകെ ഇരുപത്തൊന്നു യോഗങ്ങൾ ഉണ്ടായിരുന്നെങ്കിലും, ആദ്യത്തെ എട്ടു യോഗനടപടികൾക്കേ സാൎവ്വത്രികമായ സമ്മതം സിദ്ധിച്ചിട്ടുള്ളു

പാസ്കാസിനസ് സൂനഹദോസ് ആരംഭിച്ചു. അലക്സാന്ത്രിയായിലെ അതിമെത്രാനായ ഡയോസ്കോറീസിൻെറ കാൎയ്യം ഈ സൂനഹദോസിൽ വച്ചു തീൎമ്മാനിക്കേണ്ടതാകയാൽ, അദ്ദേഹം തൻെറ സ്ഥാനം വിട്ട്, വിധിക്കപ്പെടേണ്ടതിനായിട്ടു സഭ നടുവിൽ വരുന്നതിന് അയാളോടു ആജ്ഞാപിച്ചതനുസരിച്ചു അയാൾ അപ്രകാരം ചെയ്തു. ആദ്യത്തെ യോഗത്തിൽവച്ചുതന്നെ എഫെസൂസിലെ കാനോനാ വിരുദ്ധമായിട്ടുള്ള പ്രവൎത്തികൾക്കു ഡയോസ്കോറിസിനോടു സമാധാനം ആവശ്യപ്പെടുകയും, അയാൾക്കു തക്ക സമാധാനമില്ലാതിരുന്നതിനാൽ സംഘം അയാളെ ഐകകണ്ഠ്യന സ്ഥാനഭ്രഷ്ടനാക്കുകയും ചെയ്തു. ഇതുപോലെതന്നെ ഓർശലേമിലെ യൂവനലിനേയും വേറെ നാലു ഏകസ്വഭാവവാദികളായ മെത്രാന്മാരേയും സംഘം വിധിച്ച്, സ്ഥാനങ്ങളിൽ നിന്നു അവരെ നിഷ്കാസനം ചെയ്തു. രണ്ടാമത്തെ യോഗത്തിൽ നിക്യാസൂനഹദോസിൻെറ വിശ്വാസപ്രമാണത്തെ സ്വീകരിച്ചു സ്ഥിരപ്പെടുത്തുകയും, മാർ കുറീല്ലോസിൻെറ രണ്ടെഴുത്തുകളേയും, ലേയോൻ മാർപ്പാപ്പാ ഫ്ളാവിയാനോസിന്നയച്ച കീൎത്തിപ്പെട്ട വിശ്വാസ സംബന്ധമായ ലേഖനത്തേയും വായിക്കുകയും, അതിലടങ്ങിയ വിശ്വാസകാൎയ്യങ്ങളെ എല്ലാവരും സമ്മതിക്കുകയുമാണുണ്ടായത്. മാർപ്പാപ്പായുടെ ഈ ലേഖനം വായിച്ചുകഴിഞ്ഞപ്പോഴാണ് അവിടെ കൂടിയിരുന്ന മെത്രാന്മാർ എല്ലാവരും ഏകകണ്ഠമായി ഇപ്രകാരം വിളിച്ചുപറഞ്ഞത്:—നമ്മുടെ പിതാക്കന്മാരുടെ വിശ്വാസം ഇതാകുന്നു. ഇപ്രകാരമാകുന്നു ശ്ലീഹന്മാർ പഠിപ്പിച്ചിട്ടുള്ളത്. ഇതുപോലെതന്നെ നമ്മളെല്ലാവരും വിശ്വസിക്കുന്നു. സത്യവിശ്വാസികൾ എല്ലാവരും വിശ്വസിച്ചുവരുന്നതും ഇതുതന്നെ. ലേയോയുടെ നാവായി പത്രോസത്രെ നമ്മോടു ഇതറിയിക്കുന്നത്" നാലാമത്തെ യോഗത്തിൽ "ദ്രോഹികളുടെ സൂനഹദോസിൽ" വച്ച് ഡയസ്കോറിസിൻെറ അനുചരന്മാർ ചെയ്ത സംഗതികളെയെല്ലാം അവർ പിൻവലിക്കയും, മാർപ്പാപ്പായുടെ വിശ്വാസവിഷയകമായ എഴുത്തിന്നു അവർ ഒപ്പുവയ്ക്കുകയും ചെയ്തതനുസരിച്ച്, അവൎക്കു മാപ്പുകൊടുത്തു, അവരുടെ സ്ഥാനങ്ങളിൽ അവരെ തിരിച്ചാക്കി. ഡയോസ്കോറസ് മാത്രം കീഴടങ്ങിയില്ല; അതുകൊണ്ടു അയാളുടെ സ്ഥാനനിഷ്കാസനം സ്ഥിരപ്പെടുത്തുകയും, അയാൾക്കുപകരമായിട്ട് വേറൊരാളെ തിരഞ്ഞെടുക്കുന്നതിന്നു യോഗം തീരുമാനിക്കയും ചെയ്തു.

അഞ്ചാമത്തെ യോഗം സൎവ്വപ്രധാന

മായ ഒന്നായിരുന്നു. അതിൽവച്ചു കാൽച്ചദോനിലെ കീൎത്തിപെട്ട വിശ്വാസപ്രമാണം തയ്യാറാക്കപ്പെട്ടു. ഈ പ്രമാണത്തിൽ മിശിഹായുടെ സത്യസഭയുടെ വിശ്വാസം എന്തെന്നും, നെസ്തോറിയവാദത്തിൽ നിന്നും, ഏകസ്വഭാവ പ്രമാണത്തിൽനിന്നും അതു എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നെന്നും വ്യക്തമായിപ്പറഞ്ഞിട്ടുണ്ടു. "ദൈവത്തിന്റെ ഏകപുത്രനായ ഈശോമിശിഹായിൽ വിശ്വസിക്കുന്നു. മിശിഹായിൽ കൂടിക്കലൎച്ചയും, മാററവും, വിഭാഗവും കൂടാതെ വെവ്വേറെ വ്യത്യാസപ്പെട്ട രണ്ടു സ്വഭാവങ്ങൾ ഉണ്ടെന്നു് നാം വിശ്വസിക്കുന്നു. ഒരാളിൽ തന്നെ രണ്ടു സ്വഭാവങ്ങളും കൂടിയിരിക്കുന്നുണ്ടെങ്കിലും സ്വഭാവങ്ങൾക്കു വ്യത്യാസം ഇല്ലാതെയായി പോയിട്ടില്ല. ഓരോസ്വഭാവത്തിന്നുമുള്ളവിശേഷലക്ഷണങ്ങളും പൂൎണ്ണമായിരിക്കുകയും, ഒരാളിലും ഒരുസ്വത്വത്തി(Hypostasis)ലും അതു നില്ക്കുകയും ചെയ്യുന്നു. പല ആളുകളുമായി വ്യത്യാസപ്പെട്ടതും വിഭജിക്കപ്പെട്ടതുമായ ഒരു കൎത്താവിനെയല്ലാ നാം വിശ്വസിക്കുന്നതു്. ദൈവത്തിന്റെ ഏകപുത്രനും, ഏകനായി ജനിച്ചവനും, ദൈവ വചനവും നമ്മുടെ രക്ഷകനുമായ ഈശോമിശിഹായേ ആകുന്നു നാം വിശ്വസിക്കുന്നതു്."

പൌരസ്ത്യസഭയിലെ ൬൩൦ മെത്രാന്മാർകൂടി സമ്മതിച്ചുവച്ച വിശ്വാസപ്രമാണമാണല്ലോ മേലുദ്ധരിച്ചതു്. ഇതിനെ അനുസരിച്ചു വിശ്വസിക്കുന്നവർ സത്യവിശ്വാസികളും, അല്ലാത്തവർ ഇടത്തുട്ടുകാരും, മിശിഹായുടെ സത്യസഭയിൽ പങ്കില്ലാത്തവരുമാണെന്നു തെളിവാകുന്നുണ്ടു്.

ആറാംയോഗത്തിൽ മാർസിയൻ ചക്രവൎത്തിയും ചക്രവൎത്തിനിയും സന്നിഹിതരാകയും യോഗനടപടികളെയെല്ലാം സമ്മതിച്ചു് അവയെ രാജ്യനിയമമായി കൈക്കൊണ്ടു് അവയെ എതിൎക്കുന്നവൎക്കു ശിക്ഷകൾ കല്പിക്കുകയും ചെയ്തു. ഒടുവിൽ അത്യന്തം ബഹുമാനാദരപൂൎവ്വകമായ ഒരെഴുത്തു മാൎപ്പാപ്പായ്ക്കു അയച്ചു, യോഗ നടപടികളെയും കാനോനാകളെയും അംഗീകരിക്കുന്നതിനായി അപേക്ഷിച്ചു. എന്നാൽ മാൎപ്പാപ്പായുടെ പ്രതിനിധികൾ യോഗത്തിലില്ലാതിരുന്നപ്പോൾ പാസ്സാക്കിയ ൨൮-ാമത്തെകാനോനാഒഴിച്ചു് മറെറല്ലാം നടപടികളെയും മാൎപ്പാപ്പാ സമ്മതിച്ചുറപ്പിച്ചു. ഇതിന്റെ കാരണം ഈ കാനോനായിൽ പാത്രിയൎക്കീസന്മാരിൽവച്ചു രണ്ടാമത്തെസ്ഥാനം കോൻസ്റ്റൻറിനോപോലീസിലെ പാത്രിയൎക്കീസിന്നു കൊടുത്തിരുന്നു എന്നതാണു്. എന്നാൽ ഇതു കീഴ്നടപ്പിന്നും, അലക്സാന്ത്രിയാ, അന്തിയോക്കിയാ എന്നീ പാത്രിയൎക്കീസന്മാൎക്കു കിട്ടേണ്ടതായ രണ്ടാമത്തേയും മൂന്നാമത്തേയും സ്ഥാനങ്ങൾക്കും ന്യൂനത ഭവിക്കുന്നതുമാകയാലായിരുന്നു. മുൻപറഞ്ഞ എഴുത്തിൽ മാൎപ്പാപ്പാ പത്രോസിന്റെ പിൻഗാമിയും, സത്യതിരുസഭയുടെ തലവനും, വഴികാട്ടിയുമാണെന്നു ഈ പൌരസ്ത്യ മെത്രാന്മാരെല്ലാവരും സസന്തോഷം സമ്മതിച്ചു് പറഞ്ഞിരിക്കുന്നതു് ഈ ഘട്ടത്തിൽ നാം പ്രത്യേകം സ്മരിക്കേണ്ടതാണു്. (തുടരും,)

ഫാദർ ജോസഫ് പഞ്ഞിക്കാരൻ, എം. എ.

## സുവിശേഷ വിവരണം.

(വി. യോഹന്നാൻ ബൎക്കുമാൻസു തിരുനാൾ ആഗസ്റ് ൧൩ ൹)

"അ സമയം ഒരുവൻ അങ്ങേ പക്കൽ വന്നു, നല്ല ഗുരുവെ! നിത്യായുസ്സ് ലഭിപ്പാൻ ഞാൻ എന്തുചെയ്യണം, എന്നു ചോദിച്ചു. അപ്പോൾഅങ്ങുന്നു അവനോടരുളിച്ചെയ്തു. നല്ലവനെന്നു എന്തുകൊണ്ടു നീ എന്നെ വിളിക്കുന്നു. നല്ലവൻ ദൈവം ഏകനല്ലാതെ മററാരുമില്ല. എന്നാൽ ആയുസ്സിലേക്കു പ്രവേശിപ്പാൻ നീ മനസ്സാ

കുന്നെങ്കിൽ പ്രമാണങ്ങളെ കാത്തുകൊൾക. അതുകൾ ഏവ? എന്നു അവൻ ചോദിച്ചു. അപ്പോൾ ഈശോ അരുളിചെയ്തു. നീ കൊല്ലരുത്, വ്യഭിചാരം ചെയ്യരുത്, കക്കരുത്, കള്ളസാക്ഷി പറയരുത്, അപ്പനേയും അമ്മയേയും നീ ബഹുമാനിക്കണം. അപ്പോൾ യുവാവു പറഞ്ഞു: ഇതുകൾ എല്ലാം ചെറുപ്പം മുതൽ ഞാൻ കാത്തുവരുന്നു. ഇവ കൂടാതെ ഞാനിനി എന്താണ് വേണ്ടത്? ഈശോ അരുളിച്ചെയ്തു: പുണ്യപൂർണ്ണത പ്രാപിപ്പാൻ നീ ആഗ്രഹിക്കുന്നെങ്കിൽ, നീ പോയി നിൻെറ സ്വത്തുക്കളെ വിററു് അഗതികൾക്കു കൊടുക്കുക. മോക്ഷത്തിൽ നിനക്ക് സമ്പത്തുണ്ടാകും. അനന്തരം നീ വന്നു എന്നെ പിൻചെല്ലുക."

(വി. മത്തായി. XIX. 16. 21.)

## I. – "പ്രമാണങ്ങളെ കാത്തുകൊൾക"




ഈശോ സഭയിൽ സൂര്യനെപ്പോലെ ശോഭിച്ചിരുന്ന വി. യോഹന്നാൻ ബെക്ക്മാൻസിൽ വിശേഷ വിധിയായി ശോഭിച്ചിരുന്ന ഒരു സുകൃതം പ്രമാണങ്ങൾ കാക്കുന്നതിലുണ്ടായിരുന്ന അദ്ദേഹത്തിൻെറ നിഷ്ഠയായിരുന്നുവെന്നു് ഈ വിശുദ്ധൻെറ ചരിത്രകർത്താക്കൾ ഐകകണ്ഠ്യേന സമ്മതിക്കുന്നു. ഈ മഹാത്മാവും വിശുദ്ധ ലൂയിസിനെപ്പോലെ തന്നെ ബാല വിദ്യാർത്ഥികൾക്കും, യുവാക്കന്മാൎക്കും ഒരുപോലെ ഉത്തമ മാതൃകാപുരുഷനാണെന്നുള്ളതിൽ രണ്ടുപക്ഷമില്ല. പുണ്യപൂർണ്ണ നിലയിൽ നിത്യായുസ്സിനുവേണ്ടി യത്നിക്കുന്ന ഏവനും ഈ പുണ്യപുരുഷൻെറ ജീവ ചരിത്രം ആദ്യവസാനം വായിച്ചിരിക്കേണ്ടതാണ്. ഇത്രയുംപറഞ്ഞുകൊണ്ടു് മിശിഹായുടെപക്കൽവന്ന യുവാവിൻെറ സംഗതിയിലേക്കു പ്രവേശിക്കട്ടെ

യൌവ്വനയുക്തനും, സമ്പന്നനുമായ ഈ ചെറുപ്പക്കാരൻ നിത്യരക്ഷപ്രാപിക്കേണ്ടമാൎഗ്ഗമന്വേഷിച്ചു് പുറപ്പെട്ടതിൽ ചിലൎക്കാശ്ചൎയ്യം തോന്നിയേക്കാം. ബാല്യപ്രായത്തിൻെറ ചപലതകളും, ശരീരസൌഖ്യവും സ്വത്തുക്കളും ഒന്നുചേൎന്നിരിക്കുന്നവർ ആത്മരക്ഷയുടെ കാൎയ്യങ്ങളെ വേണ്ടപോലെ അന്വേഷിക്കുക അത്ര സാധാരണയല്ല. ബാല്യപ്രായത്തിൻെറവീഴ്ചകളേപ്പററി രാജ ദീൎഘദൎശിയും, സമ്പന്നന്മാർ ആകാശരാജ്യത്തിൽ പ്രവേശിക്കുന്നതിനുള്ള പ്രയാസത്തെക്കുറിച്ചു് മിശിഹായുംവേണ്ടുംവണ്ണംവിവരിച്ചിട്ടുള്ളതാകുന്നു. മനുഷ്യ ബലഹീനത സാധാരണ അങ്ങിനെയിരുന്നാലും, സുവിശേഷത്തിൽ പ്രസ്താവിക്കപ്പെടുന്ന യുവാവിൻെറ സത്യാന്വേഷണത്തിൽ ഉള്ള നല്ല മനസ്സ് സ്തുത്യൎഹവും അനുകരണിയവും ആകുന്നു. നല്ലമനസ്സും ദൈവാനുഗ്രഹവുമുണ്ടെങ്കിൽ ഏതു പ്രായത്തിലും അന്തസ്സിലും സ്ഥിതിയിലും ദൈവത്തെ സ്നേഹിച്ചു ജീവിക്കാവുന്നതാണ്. ഈ സംഗതിയെ ഉറപ്പിക്കുന്ന ദൃഷ്ടാന്തങ്ങളും ഇല്ലാതില്ല. ദൈവ ശുശ്രൂഷ അങ്ങേ തിരുമനസ്സറിഞ്ഞു പ്രവൎത്തിക്കുന്നതിലും, ദൈവതിരുമനസ്സ് അവിടുന്നു നമുക്കു തന്നിരിക്കുന്ന പ്രമാണങ്ങളിലും അടങ്ങിയിരിക്കുന്നു. സൌഖ്യവും, ഐശ്വൎയ്യവും ബഹുമതികളും ക്ഷണഭംഗുരങ്ങളാണെന്നു വിചിന്തനം ചെയ്യുന്നവൎക്ക് പ്രമാണങ്ങൾക്കനുസരണമായി ജീവിക്കുന്നതിനും തൽഫലമായ നിത്യരക്ഷ ലഭിക്കുന്നതിനും യാതോരു പ്രയാസവും ഇല്ല. ഇങ്ങനെയുള്ളവൎക്ക് നിത്യഭാഗ്യം പ്രാപിക്കണമെന്നുള്ളതു് പ്രഥമമായിട്ടും ലോകഐശ്വൎയ്യം രണ്ടാമതായിട്ടും ഇരിക്കുന്നു. "ലോകം മുഴുവൻ നേടിയാലും ആത്മാവ് നശിച്ചാൽ എന്തുപകാരം" എന്നുള്ള ദൈവവാക്യം ശിരസ്സാ വഹിച്ചുകൊണ്ടു ഇവർ പ്രവൎത്തിക്കുന്നു. നിത്യരക്ഷ ലഭിക്കുന്നതിനുള്ള മാൎഗ്ഗങ്ങളെ അന്വേഷിക്കുന്നതിനു അവർ സദാ ഉൽസുകന്മാരായിരിക്കുന്നു. സകല മ

നുഷ്യരുടെയും രക്ഷയെ ആഗ്രഹിക്കുന്ന ദിവ്യരക്ഷകൻ തെളിവുള്ള സ്വരത്തിൽ കല്പിക്കുന്നതു് നിത്യരക്ഷ അഥവാ ആയുസ്സ് ലഭിക്കുന്നതിനു ആഗ്രഹിക്കുന്നവർ പ്രമാണങ്ങളെ കാക്കണമെന്നാകുന്നു. പ്രമാണങ്ങളുടെ മാഹാത്മ്യത്തെക്കുറിച്ചും ആവശ്യത്തെക്കുറിച്ചും പല അവസരങ്ങളിലും അവിടുന്നു് പ്രസംഗിച്ചിട്ടുണ്ടു്. തൻെറ പ്രമാണങ്ങളിൽ ഒന്നിനെയാവട്ടെ, നിസ്സാരമായ വല്ലഭാഗത്തെയാവട്ടെ ഉപേക്ഷിക്കുന്നതിനു അവിടുന്നു അനുവദിക്കുന്നില്ല. പ്രമാണങ്ങളിൽ നിസ്സാരമായതുപോലും ലംഘിക്കയും അപ്രകാരം ജനങ്ങളെ പഠിപ്പിക്കയും ചെയ്യുന്നവൻ ആകാശരാജ്യത്തിൽ കുറയപ്പെട്ടവനായിരിക്കുമെന്നും അവിടുന്നു വിശദമായി അരുളിചെയ്യുന്നു. ആകാശങ്ങളിലിരിക്കുന്ന അങ്ങേ പിതാവിൻെറ തിരുമനസ്സിനെ നിറവേറ്റുന്നവനല്ലാതെ കർത്താവെ, കർത്താവെ, എന്നു വിളിക്കുന്നവരാരും ആകാശരാജ്യത്തിൽ പ്രവേശിക്കയില്ലെന്നു അവിടുന്നു ഖണ്ഡിതമായി അരുളിച്ചെയ്തിട്ടുണ്ടു്. മലമുകളിൽവച്ചുള്ള അങ്ങേ വിശ്രുതമായ പ്രസംഗം വായിച്ചു നോക്കുക. (വി. മത്തായി. അ. V. VII,)

ഫാദർ ഹില്ലാരിയോൻ സി. ഡി.

# ദിവ്യകാരുണ്യ മഹാജനസഭ.

കഴിഞ്ഞ ഏതാനും ആഴ്ചവട്ടങ്ങൾക്കുള്ളിൽ കത്തോലിക്കാ ലോകത്തിൻെറ സവിശേഷമായ ശ്രദ്ധയെ അർഹിച്ചിരുന്ന ദിവ്യകാരുണ്യമഹാജനസഭയുടെ ഇരുപത്താറാമത്തു സമ്മേളനം "നിത്യനഗരം" എന്ന അഭിധാനത്തിനു സനാതനാവകാശിയായിത്തീർന്നിട്ടുള്ള റോമായിൽ പരിശുദ്ധ പിതാവു് പതിനൊന്നാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സിലെ ആഭിമുഖ്യത്തിൽ, അഭൂതപൂർവ്വമായ ആഡംബരവിശേഷത്തോടും നിസ്തുലമായ ഉത്സവപ്രസരിപ്പോടും കൂടി ഏററവും ഭക്തിസംവർദ്ധകമായി നടന്നുവെന്ന സന്തോഷവാർത്ത വായനക്കാരെ അറിയിച്ചുകൊള്ളുന്നു. മെയി ൨൪-ാംനു ബുധനാഴ്ച സമ്മേളനത്തിൻെറ ഉൽഘാടനകർമ്മം വത്തിക്കാനിലുള്ള ബെൻവഡീർ പ്രാങ്കണത്തിൽ പ. പിതാവിൻെറ അദ്ധ്യക്ഷതയിൽ കഴിഞ്ഞു. ൨൪ കർദ്ദിനാളന്മാരും ഇരുനൂറിൽപ്പരം മെത്രാന്മാരും മാർപ്പാപ്പായുടെ അരമന സംബന്ധിച്ച ഉദ്യോഗസ്ഥവൃന്ദവും വിവിധരാജ്യപ്രതിനിധികൾ സകലരും സന്നിഹിതരായിരുന്നതുകൂടാതെ ഭൂമുഖത്തിൻെറ പല ഭാഗങ്ങളിൽനിന്നു ആഗതരായ നല്പത്തീരായിരം ജനങ്ങൾ അതിൽ സംബന്ധിച്ചിരുന്നു എന്നറിയുമ്പോൾ അതിൻെറ മാഹാത്മ്യത്തെപ്പററി നമുക്കേകദേശജ്ഞാനത്തിനു വകയുണ്ടു്. വനുത്തേലി കർദ്ദിനാളിൻെറ ഒരു മംഗളാശംസാപത്ര പാരായണവും പരിശുദ്ധ പിതാവിൻെറ സാരസംപുഷ്ടമായ മറുപടിയും കൊണ്ടു ഉൽഘാടനം നിർവ്വഹിച്ചു.

വ്യാഴാഴ്ച രാവിലെ സമ്മേളനം സംബന്ധിച്ച സന്ദർശകന്മാർക്കു പരിശുദ്ധ പിതാവിൻെറ കുർബാനയിൽ സംബന്ധിക്കുന്നതിനു സ്വാതന്ത്ര്യം ലഭിച്ചതിനാൽ അറുപതിനായിരത്തിൽപരം കത്തോലിക്കർ ആ അസാധാരണ അവസരത്തെ ഉപയോഗിച്ചു ദിവ്യകാരുണ്യം ഉൾക്കൊണ്ടു എന്നുള്ളതു പ്രസ്താവ്യമാണു്. അന്നുച്ച കഴിഞ്ഞു ഒന്നാമത്തെ പൊതുയോഗം നടന്നു. ഒരു ലക്ഷത്തിൽ അധികം പേർ സന്നിഹിതരായിരുന്നുവെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. റോമായിലെ മാർപ്പാപ്പായുടെ വികാരിയായ കർദ്ദിനാൾ പൊംഫീലി, ദിവ്യകാരുണ്യമഹാജനസഭ സംബന്ധിച്ച സ്ഥിരം കമ്മട്ടി പ്രസിഡണ്ടു മൊൺസിഞ്ഞോർഹെയിലിൻ, ഒരു ഇററാല്യൻ പണ്ഡിതവര്യനായ പ്രൊഫസർ മററുച്ചി എന്നിവരുടെ ഗംഭീരപ്രസംഗങ്ങളായിരുന്നു യോ

ഗത്തിലെ പ്രധാന സംഭവങ്ങൾ. ഇതിനെത്തുടന്നു എല്ലാ ദിവസങ്ങളിലും പൊതുയോഗങ്ങളും പ്രത്യേകമായ ദേശീയ യോഗങ്ങളും മുറയ്ക്കു നടന്നുകൊണ്ടിരുന്നു.

"കിയേസാത്രുവൊവാ" എന്ന ദേവാലയത്തിൽ വെള്ളിയാഴ്ച കർദ്ദിനാൾ പൊംഫീലി പൊന്തിഫിക്കൽ കർബാന അഘോഷിക്കുകയും കർദ്ദിനാൾ ലൊറേന്തി ദിവ്യകാരുണ്യത്തെപ്പററി പ്രസംഗിക്കുകയും ചെയ്തു. വെള്ളിയാഴ്ചരാത്രി വി. പത്രോസിന്റെ ഭദ്രാലയത്തിൽ വി. കുർബാനയുടെആരാധനക്കായി വിനിയോഗിക്കപ്പെട്ടു. മോൺസിഞ്ഞോർ ബൌത്താമാസിയുടെ പ്രസംഗാനന്തരം മാർപ്പാപ്പായും കർദ്ദിനാൾമാരും മെത്രാന്മാരുംഎണ്ണമില്ലാത്തവണ്ണം വൈദികരും അൽമേനികളും ഒത്തുചേന്നു "സൈന്യങ്ങളുടെ കത്താവാ"യ മിശിഹായുടെ സാന്നിദ്ധ്യത്തിൽ കുമ്പിട്ടു നിശ്ശബ്ദരായി ആരാധിച്ച ആ കാഴ്ച എത്രക്കു ഹൃദയസ്പൃക്കായിരുന്നുവെന്നു ഊഹിക്കാനേ നിവൃത്തിയുള്ളൂ. അർദ്ധരാത്രിവരെ ഇങ്ങനെ ആരാധനയിൽ കഴിഞ്ഞു. അനന്തരം പരിശുദ്ധ പിതാവു 'പാതിരാ കർബാന'ക്കു ആരംഭിക്കയും മററുള്ളവർ അതിൽ സംബന്ധിക്കുകയും കുർബാനക്കുശേഷം പരിശുദ്ധ പിതാവും എട്ടു മെത്രാന്മാരും കൂടി കൂടിയിരുന്നവരിൽ അനേകായിരങ്ങൾക്കു ദിവ്യകാരുണ്യം എഴുന്നെള്ളിച്ചു കൊടുക്കുകയുമുണ്ടായി.

മഹാജനസഭ സംബന്ധിച്ച മരിയഭക്തിക്കു ശനിയാഴ്ച പ്രതിഷ്ഠിക്കപ്പെട്ടിരുന്നു. അന്നത്തെ പൊന്തിഫിക്കൽ കുർബാന 'സന്താമറിയാമജിയോറെ' എന്ന പ്രധാന ദേവാലയത്തിൽ കർദ്ദിനാൾ വാനുരത്തെല്ലി നടത്തി. വി. അഗ്നേസിന്റെ പള്ളിയിൽ കുട്ടികളുടെ ദിവ്യകാരുണ്യസ്വീകരണം നടന്നു. ഉച്ചക്കുമേൽ ഉണ്ടായ പൊതുയോഗത്തിൽ മൊൺസിഞ്ഞോർ ഗ്രോഷ് ഇംഗ്ലീഷിലും കാംബ്രെ മെത്രാൻ ഫ്രെഞ്ചിലും പ്രൌഢമായി പ്രസംഗിച്ചു.

റോമായിലെ തെരുവീഥികളിൽ കൂടി ദിവ്യകാരുണ്യത്തിന്റെ പ്രദക്ഷിണം നടത്തുകയായിരുന്നു ഞായറാഴ്ചത്തെ പ്രധാന ചടങ്ങു്. ഘോഷയാത്രയിൽ എത്രമാത്രം ആളുകൾ സംബന്ധിച്ചിരുന്നുവെന്നു കണക്കാക്കുക അസാദ്ധ്യമാണു്. എങ്കിലും ൧൮൭൦-നു ശേഷം ഇത്രമാത്രം ആൾത്തിരക്കോടും എന്നാൽ സമാധാനപരമായും ഒരു ഘോഷയാത്ര റോമായിൽ നടന്നിട്ടില്ലെന്നുള്ളതു് തീർച്ചയാണു്. വി. ജോൺ ലത്തെരാൻദേവാലയത്തിൽനിന്നു സന്താമറിയാ മജിയോറെ ദേവാലയത്തിലേക്കും തിരിച്ചു ലത്തെറാനിലേക്കുമായിരുന്നു ഘോഷയാത്ര. പന്ത്രണ്ടു കർദ്ദിനാളന്മാരും ഇരുനൂറിൽപരം മെത്രാന്മാരും അണിനിരയായി ദിവ്യകാരുണ്യത്തെ അനുഗമിച്ചു. നാലു കർദ്ദിനാളന്മാർ മാറിമാറി വിശുദ്ധ കുർബാന എഴുന്നെള്ളിച്ചു. മാർഗ്ഗമദ്ധ്യേ നാലു പ്രത്യേകസ്ഥലങ്ങളിൽ ലക്ഷോപലക്ഷം ജനങ്ങളെ ഉദ്ദേശിച്ചു് കർബാനയുടെ ആശീർവ്വാദം നൽകുകയുണ്ടായി. ഇത്താലിയൻ ഭടന്മാർ കസവുകുപ്പായങ്ങൾ അണിഞ്ഞു അകമ്പടിയുണ്ടായിരുന്നതും, മന്ത്രിപുംഗവന്മാരും രാജകുടുംബാംഗങ്ങളും ജനാവലിയിൽ അകപ്പെട്ടു മുട്ടുകുത്തിനിന്നിരുന്നതും പ്രത്യേകം സ്മരണീയമാണു്. റോമായിലെ അനേകശതം ദേവാലയങ്ങളിലെ മണിനാദവും ജനാവലിയുടെ ഭക്തിപ്രദമായ പ്രാർത്ഥനകളും മാത്രം സർവ്വത്ര വ്യാപിച്ചനിശ്ശബ്ദതയെ ഭേദിച്ചു. ലത്തെറാൻദേവാലയത്തിന്നു പുറത്തുള്ള മൈതാനത്തുവച്ചാണു് ഒടുവിലത്തെ ആശീർവ്വാദം നടന്നതു്. ൩൦൦ മെത്രാന്മാരും ൧൩ കർദ്ദിനാളന്മാരും മററു വിധത്തിൽ അസംഖ്യം പ്രമാണപുരുഷന്മാരും അവിടെ സന്നിഹിതരായിരുന്നു. റോമ്മാനഗരമാസകലം അന്നുരാത്രി ദീപാവലികൊണ്ടു പ്രശോഭിതമായി. ദൈവപുത്രനെ ബഹുമാനിക്കുന്നതിൽ പട്ടണത്തിന്റെ യാതൊരു ഭാഗവും അമാന്തം കാണിച്ചില്ല. ദിവ്യകാരുണ്യമഹാജനസഭ റോമാ നഗരവാസികളുടെ പൊതു സമ്പാദ്യമാണെന്നു ലോകസമക്ഷം ദിവാകരദ്യുതിയെ ജയിച്ച ആ ദീപാവലി ഉൽഘോഷിച്ചു. തിങ്കളാഴ്ച വി. പത്രോസിന്റെ ഭദ്രാലയത്തിൽ പരിശുദ്ധ പിതാവു് 'ലാക്അലാഹാ' എന്ന സ്തോത്രഗീതം പാടി മ

ഹാജനസഭ സമാപിച്ചു. തുടൎന്നു പ്രധാന പ്രവൎത്തകന്മാൎക്കു സന്ദൎശനം അനുവദിക്കയുണ്ടായി. മഹാജനസഭയുടെ വിജയത്തിൽ അവരെ അനുമോദിച്ചു്, സകലരേയും ഭരിച്ചിരുന്ന ആനന്ദാതിരേകത്തിനു മാററു വൎദ്ധിപ്പിച്ചു. ലോകം ക്രിസ്തുവിൽ നിന്നു അകന്നു ഭൌതിക സമ്പാദ്യത്തിലേക്കാകൃഷ്ടമായിരിക്കുന്നതാണ് ഇപ്പോഴുള്ള സകല അനൎത്ഥങ്ങൾക്കും കാരണമെന്നും, മിശിഹായെ ലോകത്തോടും ലോകത്തെ മിശിഹായോടും അടുപ്പിച്ചാൽ മാത്രമേ ലോകത്തിൽ സമാധാനം വ്യാപിക്കയുള്ളുയെന്നും ഉൽഘാടനാവസരത്തിൽ പരിശുദ്ധ പിതാവ് അരുൾ ചെയ്കയുണ്ടായി. ഇരുപത്താറാമത്തെ ദിവ്യകാരുണ്യ മഹാജനസഭ ഇങ്ങിനെ സമാധാനസന്ദായകമായ ഫലങ്ങൾ ഉളവാക്കുന്നതിലേക്കു കത്തോലിക്ക ലോകത്തോടേകോപിച്ചു ഞങ്ങളും പ്രാൎത്ഥിച്ചുകൊള്ളുന്നു.

“ന. ദീപിക.”

# കത്തോലിക്കാപ്പത്രങ്ങൾ.

“കത്തോലിക്കാപത്രം” എന്ന അഭിധാനത്തിൽ എത്രണ്ടു അൎത്ഥസീമയുണ്ടെന്നു വ്യക്തമായി മനസ്സിലാക്കാൻ പ്രയാസമായിത്തീൎന്നിട്ടുണ്ടു്. കത്തോലിക്കാ വേദസംബന്ധമായ വിഷയങ്ങളെ പ്രതിപാദിക്കുന്നതിനു കത്തോലിക്കരാൽ നടത്തപ്പെടുന്ന ഒരു പത്രം തീൎച്ചയായും “കത്തോലിക്കാപ്പത്രംതന്നേ.” എന്നാൽ കത്തോലിക്ക മതാനുസാരികളായ പ്രവൎത്തകന്മാരാൽ നടത്തപ്പെടുന്ന വിവധവിഷയ വ്യവഹാരിയായ ഒരു പത്രത്തെ ‘കത്തോലിക്കാപ്പത്രം’ എന്നു പറയാമോ? തിരുവനന്തപുരത്തുനിന്നും ദിവസംതോറും പുറപ്പെടുന്ന “ഡെയിലിന്യൂസ്” എന്ന പത്രം ഇനിമേൽ ഒരു കത്തോലിക്കാ പ്രതിദിനപ്പത്രമായി നടത്തപ്പെടുന്നതാണെന്നും മററും ഈയിടെ ലണ്ടനിലെ ‘യൂനിവേഴ്സ്’ എന്ന പ്രസിദ്ധമായ കത്തോലിക്കാ പത്രത്തിൽ വായിച്ചപ്പോൾ എന്റെ ഈ സംശയം വളരെ വൎദ്ധിച്ചു. പോരെങ്കിൽ ബൽജിയത്തിൽ ബ്രസ്സൽസ് എന്ന ഒരൊററ നഗരത്തിൽതന്നെ എട്ടു കത്തോലിക്കാ പ്രതിദിനപ്പത്രികകൾ ഉണ്ടെന്നും, ഇംഗ്ലീഷ് സംസാരിക്കപ്പെടുന്ന രാജ്യങ്ങളിൽ ഒരു കത്തോലിക്കാ പ്രതിദിനപ്പത്രം മാത്രമേയുള്ളു എന്നും മററും “നസ്രാണി ദീപിക”യിൽ കണ്ട ഒരു കുറിപ്പു സന്ദേഹക്കുണ്ടിൽ എന്നെ ഒന്നു കൂടിതാഴ്ത്തി. പേരുകളെപ്പററി ഇത്രവളരെ വിഷമിക്കാനില്ല. വാസ്തവസ്ഥിതി ആലോചിച്ചാൽമതി എന്നൊരു അനന്തരചിന്തമാത്രമെ എന്നെ ഈ സംശയക്കുഴിയിൽനിന്നു കരകയററിയുള്ളു.

മേൽക്കാണിച്ച ആദ്യത്തെ അൎത്ഥത്തിൽ കത്തോലിക്കാ പ്രതിദിനപ്പത്രങ്ങൾ ഉണ്ടാവുക കുറേ വിഷമമാണു്. മതസംബന്ധമായ സംഗതികൾ സ്ഥിരവും സനാതനവും ആയ ചില തത്വങ്ങളിന്മേൽ അടിസ്ഥാനപ്പെട്ടിരിക്കുന്നു. വിശേഷിച്ചു കത്തോലിക്കാ മതവിഷയത്തിൽ ഇളക്കത്തിനും പരിവൎത്തനത്തിനും വഴിയില്ല. ഒരു പാപ്പാ നാടുനീങ്ങിയാൽ ഉടനെ മറെറാരു പാപ്പാ വാഴും. ഒരു വികാരി സ്ഥലംമാറിയാൽ ഉടനെ മറെറാരു വികാരിയും ഉണ്ടാകും. ഇപ്രകാരമുള്ള മാററങ്ങളേ ഈ സഭയിൽ ഉണ്ടാകുന്നുള്ളു. എന്നാൽ രാജ്യകാൎയ്യം ധനകാൎയ്യം മുതലായവയിൽ വസ്തുത അപ്രകാരമല്ല. അവിടെ പ്രതിദിനവും ഇളക്കവും കുഴപ്പവും, വഴക്കും വക്കാണവും ഉണ്ടാകുന്നു. ജനങ്ങളുടെ ലൌകികമായ അഭിവൃദ്ധി അവയെ ഏറെക്കുറേ ആശ്രയിച്ചിരിക്കുന്നതിനാൽ ഈ കാൎയ്യങ്ങൾ സംബന്ധിച്ചു ദിവസംതോറും എന്നല്ല മണിക്കൂർതോറും നടക്കുന്ന വിവരങ്ങൾ അറിവാൻ ജനങ്ങൾ ഉൽസുകരാകുന്നു. തന്മൂലം എല്ലാ പരിഷ്കൃത രാജ്യങ്ങളിലും പ്രതിദിനവും —അതിലുമടുത്തും— പുറപ്പെടുന്ന പത്രങ്ങൾ ആവശ്യമുണ്ടു്. ഒരു രാജ്യത്തിലെ ജനങ്ങളിൽ ഭൂരിപ

ക്ഷവും കത്തോലിക്കരെങ്കിൽ ആ പത്രങ്ങളുടെ പ്രവൎത്തകന്മാർ കത്തോലിക്കരായിരിക്കും. പത്തിൽ ഒമ്പതുപേരും കത്തോലിക്കരായ ബെൽജിയത്തിൽ–വിശേഷിച്ച അവർ വലിയ കച്ചവടക്കാരും വ്യവസായികളും ആകയാൽ– വളരെ പ്രതിദിനപത്രങ്ങൾ ഉണ്ട്. അവയെ കത്തോലിക്കാ പത്രങ്ങളെന്നു നാമകരണം ചെയ്യണമെങ്കിൽ അതു മേൽക്കാണിച്ച വിസ്തൃതമായ അൎത്ഥത്തിൽ മാത്രമെ പാടുള്ളു. അവയിൽ മിക്കതും കത്തോലിക്കാ വിഷയങ്ങളെ പുരസ്കരിച്ചു പ്രസിദ്ധീകരിക്കപ്പെടുന്നവയല്ല.

ഇംഗ്ലണ്ടിൽ പ്രതിദിനം പുറപ്പെടുന്ന ഒരു കത്തോലിക്കാ പത്രംപോലും ഇല്ല എന്നു ചിലപ്പോൾ ചിലർ ശോച്യസ്ഥിതിയിൽ പ്രസ്താവിക്കാറുണ്ടു. എന്നാൽ ഇംഗ്ലീഷ് കത്തോലിക്കൎക്കു ഇതു വലിയൊരു ഇടിവായി ആരും കരുതേണ്ടതില്ല. ഇംഗ്ലണ്ടിൽ പൊതുവിഷയ വ്യവഹാരികളായ അനവധി പ്രതിദിനപ്പത്രങ്ങൾ ഉണ്ട്. ഈനാട്ടിലെ ജനങ്ങളിൽ ഭൂരിപക്ഷം കത്തോലിക്കരല്ലാത്തതിനാൽ അവയൊന്നും കത്തോലിക്കാപ്പത്രങ്ങളല്ല. എന്നാൽ അവ 'ആംഗ്ലിക്കൻ പത്രങ്ങളെ'ന്നു പറയുന്നതും ശരിയല്ല. അവ ഇംഗ്ലീഷ് ജനതയുടെ പത്രങ്ങളാണ്. ആ നിലയിൽ കത്തോലിക്കരും അതിൽ ഭാഗഭാക്കുകളാണ്. അവയുടെ പ്രവൎത്തകസംഘങ്ങളിൽ പലതിലും കത്തോലിക്കരായ അംഗങ്ങൾ ഉണ്ട്. കത്തോലിക്കാ വിഷയങ്ങൾ സംബന്ധിച്ചു മിക്കപ്പോഴും കത്തോലിക്കരായ വിദഗ്ദ്ധന്മാർ എഴുതിക്കൊണ്ടിരിക്കുന്നു. രാജ്യകാൎയ്യവിഷയത്തിൽ കത്തോലിക്കർ പലകക്ഷിയിൽ ഉൾപ്പെട്ടവരാണ്. ചിലർ ഐറിഷ് സ്വയംഭരണത്തിനു അനുകൂലികൾ, അന്യർ പ്രതികൂലികൾ. ഓരോരുത്തരും അവരവരുടെ ഇഷ്ടാനിഷ്ടങ്ങൾ അനുസരിച്ച് പത്രങ്ങൾ വാങ്ങുകയും വായിക്കയും ചെയ്തുകൊണ്ടിരിക്കും.

ഈ വിഷയങ്ങളിൽ ഇംഗ്ലീഷ് കത്തോലിക്കരുടെ പൊതുവേയുള്ള നയത്തെ രൂപീകരിച്ചിട്ടുള്ളത് വിസ്തൃതമനസ്കനായ കാർഡിനൽ മാനിങ്ങ് ആണ്. അദ്ദേഹം ഓക്സ്ഫോർഡ് സൎവ്വകലാശാലയിൽ ഉന്നതമായ ഒരു പരിഷത്തിന്റെ അംഗമായി വിസ്തൃതമായ ബുദ്ധിസംസ്കരണം സിദ്ധിച്ച ഒരു പണ്ഡിതനായിരുന്നു. ബേലിയൽ കോളജിലെ പ്രസിദ്ധമായ ഹോളിൽ ഈ പൂൎവ്വവിദ്യാൎത്ഥിയുടെ ഒരു വലിയ ഛായാപടം സ്ഥാപിക്കപ്പെട്ടിരിക്കുന്നത് അദ്ദേഹം കാർഡിനൽ ആർച്ച്ബിഷപ്പിന്റെ നിലയിൽ ചെയ്തവയെ ഓൎമ്മിപ്പിക്കാനല്ല, പിന്നെയോ ഒരിംഗ്ലീഷ്കാരൻ എന്ന നിലയിൽ ഈ കോളജിലും പുറത്തും അദ്ദേഹത്തിനു സിദ്ധിച്ച സ്ഥാനത്തെ നിലനിൎത്താനാണ്. കത്തോലിക്കർ മററു ഇംഗ്ലീഷുകാരിൽനിന്നും മാറിനിൽക്കരുതെന്നും, അന്യന്മാരോടു ഒത്തൊരുമിച്ചു പൊതുകാൎയ്യങ്ങളിൽ പരിശ്രമിക്കണമെന്നും അദ്ദേഹത്തിനു അത്യാശയുണ്ടായിരുന്നു. ഈ തത്വത്തെ പുരസ്കരിച്ച്, ഓക്സ്ഫോർഡിലും കേംബ്രിഡ്ജിലും കത്തോലിക്കവിദ്യാൎത്ഥികൾക്കായിമാത്രം കോളജുകൾ ഉണ്ടാക്കാനുള്ള ചില പ്രസിദ്ധന്മാരുടെ ഉദ്യമങ്ങളെ അദ്ദേഹം തടയുകയുണ്ടായി. (ഏതാദൃശ കാൎയ്യങ്ങളിൽ ന്യൂമാനുമായി ഉണ്ടായ തെററിദ്ധാരണകൾ ഈ രണ്ടുപേരുടേയും കോളജുകൾ തമ്മിൽ പണ്ടേക്കാലം മുതൽ ഉള്ളതും ഇപ്പോഴും നിലനിന്നുപോരുന്നതും ആയ മത്സരംമൂലമാണോ എന്നു ശങ്കിക്കുന്നു.) കത്തോലിക്കൎക്കു ഇംഗ്ലീഷ് പത്രപ്രവൎത്തനത്തിൽ ഒരു പ്രധാനനില സമ്പാദിക്കാനും മാനിങ്ങ് പരിശ്രമിച്ചു. കത്തോലിക്കർ, ടൈംസ് മുതലായ വലിയ പത്രങ്ങളിലും Nineteenth century തുടങ്ങിയ വിശ്രുത മാസികകളിലും മുറയ്ക്കു ലേഖനങ്ങൾ എഴുതണമെന്നും അദ്ദേഹത്തിനു ആഗ്രഹമുണ്ടായിരുന്നു. അദ്ദേഹംതന്നെ ആൎച്ചുബിഷോപ്പായശേഷവും മേൽപറഞ്ഞ വഴിയിൽ പലപ്പോഴും ലേഖനങ്ങൾ എഴുതുകയുണ്ടായിട്ടുണ്ട്. ഈ ബുദ്ധിപൂൎവ്വകമായ നയംകൊണ്ടാണ് ഇപ്പോൾ ഇംഗ്ലീഷ് കത്തോലിക്കരുടെ ഇടയിൽ പ്രസിദ്ധന്മാരായ ഒട്ടേറെ സാഹിത്യകാരന്മാർ ഉണ്ടാവാൻ ഇടയായിട്ടുള്ളത്. "റിവ്യു ഓഫ് റിവ്യൂ" എന്ന വിശ്രുത പത്രഗ്രന്ഥത്തിന്റെ ആധിപത്യം ഗിബ്സ് എന്നൊരു കത്തോലിക്കനിൽ സമൎപ്പിതമാ

കാൻ ഇടയായതും ഇപ്രകാരമാണ്. ബെല്ലോക്കിനു തുല്യരായി ഈ നാട്ടിൽ പേനയെടുത്തവരിൽ അധികംപേരില്ലെങ്കിൽ അതിൻെറയുംകാരണം ഇതുതന്നെ.

ഇംഗ്ലണ്ടിൽ കത്തോലിക്കാ വിഷയങ്ങൾമാത്രം പ്രധാനമായി പ്രതിപാദിക്കുന്ന Universe, Tablet, Catholic Times തുടങ്ങിയ വളരെ പ്രതിവാരപ്പത്രങ്ങൾ ഉണ്ട്. അവയെ കത്തോലിക്കർ സഹായിക്കുന്നുമുണ്ട്. ഈ തരത്തിലുള്ള പത്രങ്ങൾ ദിവസംതോറും വാങ്ങാൻ ആളുകൾ കുറയും; എന്നാൽ ആഴ്ചതോറും വാങ്ങാൻ മിക്കവരും മടിക്കയില്ല. ഇതു ഈനാട്ടിലെ ജീവിതസമ്പ്രദായത്തിനു അനുസരിച്ചിരിക്കുന്നു. മിക്കവരും ലോകവർത്തമാനങ്ങൾ അറിയാനായി പ്രതിദിനവും രാവിലെ ഒരു പത്രം വാങ്ങും. എന്നാൽ ആ പത്രങ്ങൾ ഒന്നും ഞായറാഴ്ച പ്രസിദ്ധീകരിക്കാറില്ല. അന്നു പള്ളിയിൽപോകുമ്പോൾ തലേദിവസം വൈകുന്നേരം പ്രസിദ്ധീകരിക്കപ്പെട്ട കത്തോലിക്കാ പ്രതിവാരപ്പത്രങ്ങൾ വാങ്ങും. നമ്മുടെ നാട്ടിലേക്കാൾ അധികമായി ഇവിടെ കത്തോലിക്കാപ്പത്രങ്ങൾ വിൽക്കാൻ സാധിക്കുന്നതു ഇപ്രകാരമാണ്.

മേൽകാണിച്ചതിൽനിന്നും നമ്മുടെ പത്രമാസികകൾക്കു ചില പാഠങ്ങൾ പഠിക്കാനുണ്ട്. ഈദിക്കിൽ വർഷം മുറയ്ക്കുള്ള വരിപ്പണം കൊടുത്തു പത്രം തപാൽവഴി വരുത്തുന്ന ജനങ്ങൾ വളരെ ചുരുക്കമാണ്. എന്നും രാവിലെ കടലാസുകെട്ടും ഏന്തിക്കൊണ്ടു എല്ലാത്തെരുവിലും ഓടിനടക്കുന്ന കുട്ടികളിൽ നിന്നാണ് മിക്കവരും പത്രംവാങ്ങിക്കുന്നതു്. (ഈ കുട്ടികൾ അടുത്ത ന്യൂസ് ഏജൻറിൻെറ വേലക്കാരാണ്.) രാവിലെയുള്ള ഭക്ഷണസമയത്തു അതു വായിക്കയും അതേപ്പററി സംസാരിക്കയും ചെയ്യും. പിന്നെ ആ വീട്ടിലെ അംഗങ്ങൾ പുറത്തിറങ്ങുമ്പോൾ പ്രത്യേക ബഹളമുണ്ടെന്നുകണ്ടാൽ മററു ചില പത്രങ്ങളും വാങ്ങും. വിശേഷസംഭവങ്ങളെ കൊട്ടിഘോഷിക്കാൻ നോട്ടീസുപററിച്ചിട്ടുള്ള വലിയ പലകകൾ വഹിച്ചുകൊണ്ടു വേലക്കാർ ഓടിനടക്കും. കത്തോലിക്കാ പത്രങ്ങൾ വിൽക്കുന്നതും ഇപ്രകാരംതന്നെ.

എന്നാൽ ഈമട്ടൊന്നും നമ്മുടെ നാട്ടിൽ നടക്കയില്ല. അവിടെ ലോകവർത്തമാനം അറിയാൻ പണംകൊടുക്കുന്നവർ ചുരുങ്ങും. "പള്ളിയിലെ വികാരിയച്ചന് അല്ലെങ്കിൽ നമ്മുടെ കൊച്ചച്ചനു പത്രം വരുന്നുണ്ടല്ലോ. പിന്നെയെന്തിനു ഞാൻ പ്രത്യേകം പത്രംവരുത്തുന്നു" എന്നാണു ഇടവകയിലെ പ്രധാനിപോലും പറയുന്നതു്. ഇവിടെ തീരെ തുച്ഛമായ കൂലികിട്ടുന്ന വേലക്കാരനും പ്രതിദിനം ഒരു പത്രമെങ്കിലും വാങ്ങാതിരിക്കയില്ല. നാട്ടിൻപുറങ്ങളിലുള്ള തീരെ പാവപ്പെട്ട ജനങ്ങൾപോലും ഒരു പെനി (ഒരണ)യെങ്കിലും എല്ലാദിവസവും ഈവഴിക്കു ചെലവാക്കാറുണ്ടെന്നു എനിക്കു നല്ലവണ്ണം അറിയാം. ഈ വ്യത്യാസത്തിൻെറ കാരണം ജീവിതരീതിയുടെ ഭിന്നതയും പണമെഴവിൻെറ ഏററക്കുറച്ചിലും ആണെന്നു പറയേണ്ടതില്ലല്ലോ.

കത്തോലിക്കാ പത്രങ്ങൾ ചെലവാക്കുന്നതിനു അവിടെയും പല നിവൃത്തിമാർഗ്ഗങ്ങൾ ഉണ്ട്. അവ പള്ളികളിൽ കൊണ്ടുചെന്നു ചുരുങ്ങിയ വിലയ്ക്കു വിൽക്കുന്നപക്ഷം നമ്മുടെ ജനങ്ങളുടെ ഇടയിൽ ഞായറാഴ്ചയെങ്കിലും ഒരു പത്രംവീതം വാങ്ങുന്ന പതിവു ഉണ്ടായേക്കാം. പള്ളികളുടെ വാതുക്കൽ കൊന്ത മുതലായവ വിൽക്കുന്നതുപോലെ പത്രമാസികാദികളും വയ്ക്കുന്നതു നന്നായിരിക്കും. പട്ടണങ്ങളിൽ പത്രങ്ങൾ വഹിച്ചുംകൊണ്ടു ഓട്ടക്കാർ കൂവിനടക്കുന്ന രീതിയും പക്ഷേ ഫലപ്രദമായിത്തീർന്നേക്കാം. ഇത്തരം മാർഗ്ഗങ്ങൾ, പരീക്ഷിച്ചുനോക്കുന്നപക്ഷം കാലക്രമത്തിലെങ്കിലും നമ്മുടെ നാട്ടിൽ നടപ്പിലായേക്കാവുന്നതാണ്.

പി. ജെ. തോമ്മസ് എം. ഏ.
(ഓണേഴ്സ്)

# പാപ്പാമതം പൂകച്ചുകളയും

(ഒരു കഥ. തുടർച്ച)

## III.

ഇതിനിടയ്ക്കു് അന്തിപ്പാപ്പാസഖ്യത്തിലെ ചില ചില്ലറ പ്രമാണികളുടെ ഒരു ഗൂഢാലോചന മൈതാനത്തിന്റെ പടിഞ്ഞാറുഭാഗത്തു വിമാനത്തിൽ നിന്നും ഏകദേശം രണ്ടു ഫർലോങ്ങു അകലെയായി ഒരു സ്ഥലത്തു നടന്നു. "ഭൂമുഖത്തുനിന്നും പാപ്പാമതം നിഷ്കാസനം ചെയ്യാൻ നാം ഭഗീരഥപ്രയത്നം ചെയ്യുന്ന ഈ കാലഘട്ടത്തിൽ പാരദേശികരായ ഈ വിമാനചാരികൾ ആ നാരകീയമതത്തെക്കുറിച്ചു ഇത്രനല്ല ഒരഭിപ്രായം രേഖപ്പെടുത്തിക്കൊണ്ടുപോകുന്നതു ഒന്നുകൊണ്ടും അഭിലഷണീയമായിരിക്കുന്നില്ല. നവമായി ഒരുഗ്രഹംകൂടി അവരുടെഭാഗത്തായിക്കഴിഞ്ഞാൽ നമ്മുടെ ശ്രമങ്ങളെല്ലാം ഇനി വിഫലമായി ഭവിക്കയേയുള്ളു. ഇപ്പോൾതന്നെ അവരുടെ ശക്തി ക്രമാതീതമായി വദ്ധിച്ചിരിക്കുന്ന സ്ഥിതിക്കു ഇതിനുംകൂടി നാം അനുവദിച്ചുകൊടുക്കുന്നപക്ഷം അചിരേണ നാം പശ്ചാത്തപിക്കുന്നതിന്നു ഇടയാകും. നാലു ശതാബ്ദങ്ങൾ കഴിഞ്ഞിട്ടും, നമ്മുടെ നവീകരണകത്താവിന്റെ നിത്യസ്മരണാർഹമായ ആ ശപഥം പൂത്തീകരിച്ചു, ഗർഹ്യതമമായ ഈ വർഗ്ഗത്തെ നിർമ്മൂലമാക്കുന്നതിനു നമുക്കു സാധിക്കാത്തതു ഒട്ടുംതന്നെ ക്ഷന്തവ്യമല്ല. അത്ഭുതപൂർവ്വമായ ഈ അവസരത്തിൽ നാം അലസത പ്രദശിപ്പിക്കുന്നതായാൽ ആദ്യത്തെ തെററിനേക്കാൾ ഒടുവിലത്തേതു നാശകരമായി പരിണമിക്കും. പാപ്പാമതക്കാരുടെ എത്ര നാമധേയങ്ങളാണു ആ വിമാന സേനാനായകന്റെ ഡയറിയിൽ കയറിയിരിക്കുന്നതു്. ഒന്നുകിൽ അതെല്ലാം നാം പ്രതിഷേധിക്കണം. വിജയപൂർവ്വം അതു സാധിക്കാതെ വരികയാണെങ്കിൽ, ഏതുമാർഗ്ഗം ഉപയോഗിച്ചും അവർ തിരികെപ്പോകാതെ നാം തടയുകതന്നെവേണം. കാര്യമെല്ലാം ചൊവ്വാ മുഴവൻ പ്രസിദ്ധമായതിന്റെ ശേഷം നാം ശ്രമിച്ചാൽ വല്ലതും സാധിക്കുമോ? പാതിരിയുടെ സാമത്ഥ്യങ്ങളൊന്നുംതന്നെ അവരുടെമുമ്പാകെ കാണുന്നില്ല. അതുകൊണ്ടു വേണ്ടതെല്ലാം എന്താണെന്നാൽ വേഗം ആലോചിച്ചു പ്രവൃത്തിക്കണം". എന്നിത്യാദി പ്രമേയങ്ങളാണു ഗൂഢാലോചനാസഭയിൽ വ്യവഹാരവിഷയങ്ങളായിത്തീന്നതു്.

എന്തുംചെയ്യാൻ എല്ലാവരും ഒരുക്കമാണെന്നുള്ള ഒരു നിശ്ചയം സർവ്വസമ്മതമായി അവിടെ പാസ്സാക്കപ്പെട്ടതിനോടെ, കമ്പക്കോട്ടയ്ക്കു് തീകൊളുത്തിയ സമ്പ്രദായത്തിൽ, വിമാനത്തിൽനിന്നു കേൾക്കപ്പെട്ട ചടചട രടിതം എല്ലാവരുടേയും ശ്രദ്ധയെ അങ്ങോട്ടേയ്ക്കാകർഷിച്ചു. വിമാനനേതാവായ ഒരു യുവാവു അഞ്ചടിയിൽ കൂടുതൽ വലിപ്പമില്ലാത്ത ഒരു തോക്കു കയ്യിലെടുത്തു വായുമണ്ഡലത്തെ ലാക്കാക്കി വെടിവെച്ചുകൊണ്ടിരിക്കയായിരുന്നു. മിനിറെറാന്നിന്നു അറുപതും എഴുപതുംവീതം വെടി നിരന്തരമായി പൊട്ടിക്കൊണ്ടിരുന്ന ആ തോക്കിന്റെ വിശേഷതയേയും, സാമത്ഥ്യപൂർവ്വം അതിനെ പ്രയോഗിച്ചുകൊണ്ടിരുന്ന സാരഥിയുടെ നിപുണതയേയും ഓർത്തു എല്ലാവരും ആശ്ചര്യപരതന്ത്രരായി. വിമാനത്തിൽ സ്ഥാപിതമായിരുന്ന അതിസൂക്ഷ്മമായ ഒരു സ്വനഗ്രാഹിയന്ത്രം വഴിയായി കൂട്ടുകെട്ടുകാരുടെ ദുരാലോചനകളാസകലം ഗ്രഹിച്ചശേഷം, വിദേശീയരായ തങ്ങളുടെ ശക്തി എത്രയ്ക്കുണ്ടെന്നു അവരെ ഒന്നു മനസ്സിലാക്കിക്കൊടുക്കുന്നതിലേക്കുമാത്രം സാരഥി ഉപയോഗിച്ച ഒരുപായമായിരുന്നു അതെന്നു ആക്കും പ്രത്യക്ഷപ്പെട്ടില്ലെങ്കിലും, കൂട്ടുകെട്ടുകാരുടെ ദുരാലോചനാസംഘം അതോടെ പൊടിഞ്ഞുപോയെന്നുപറയാം. കെർഡക്കിന്നും കാര്യം മുഴവനായി മനസ്സിലായെന്നു തോന്നുന്നില്ല. ഏതായാലും അദ്ദേഹം ഇങ്ങനെ പറഞ്ഞു ജനങ്ങളുടെ പരിഭ്രമത്തെ ശമിപ്പിച്ചു: "വിമാന യുദ്ധത്തിൽ ഞങ്ങളുപയോഗിക്കുന്ന സാധനങ്ങളുടെ ഒരു ചില്ലറ മാതൃക അയാൾ

നിങ്ങളെ ഒന്നു പ്രദൎശിപ്പിക്കയാണു ചെയ്യുതു്."

അത്തേൽസ്റ്റൻെറ ഡയറിയിൽ ഇതിനിടകൊണ്ടു പല പേരുകളും പ്രവേശിച്ചുകഴിഞ്ഞിരുന്നു. പുരാതന ശാസ്ത്രഗ്രന്ഥനിക്ഷേപങ്ങൾ ലോകത്തിന്നു നഷ്ടപ്പെട്ടുപോകാതെ പകൎത്തി സൂക്ഷിച്ച പൂൎവ്വിക സന്ന്യാസാശ്രമങ്ങളുടേയും, യൂറോപ്പിൻെറ പരിഷ്കാരാഭിവൃദ്ധിക്കു ഹേതുഭൂതനായ സെൻറു ബനഡിക്ററിൻേറയും അദ്ദേഹത്തിൻെറ സഭാംഗങ്ങളുടേയും, വേദശാസ്ത്രപാരാവാര പാരംഗതനായ സെൻറു തോമ്മസ് അക്കൈപനാസിൻേറയും, സെൻറു ഫ്രാൻസിസ് സേവ്യർ ആദിയായ മിഷ്യനറിമാരുടേയും നാമങ്ങൾ ഇക്കൂട്ടത്തിൽ പ്രത്യേകം പ്രസ്താവയോഗ്യങ്ങളായിരിക്കുന്നു. ജെഫേർസൻ പാതിരി ഇതിനിടയ്ക്കു കാട്ടിക്കൂട്ടിയ സംഭ്രമം എന്തുമാത്രമെന്നു വിസ്തരിക്കാൻ പ്രയാസം. പാപ്പാമതക്കാരുടെ പേരുകളെന്നു പ്രസ്താവിക്കപ്പെട്ടു കഴിയുമ്പോൾ അത്തെൽസ്റ്റൻ പതിവുള്ള ഒരു ആശ്ചൎയ്യപ്രകരണം ചെയ്യുകയും, ജനങ്ങൾ അതിനനുസരിച്ച അതൃപ്തിസൂചകങ്ങളായ ആർപ്പുവിളികൾ നടത്തുകയും ചെയ്തിരുന്നതിനാൽ ജെഫേർസൻെറ അസ്വാസ്ഥ്യം ഒന്നിനൊന്നു വൎദ്ധിച്ചുകൊണ്ടുവന്നു. കടശി അദ്ദേഹം ഒരു ജീവച്ഛവം പോലെ അവിടെ നിൽക്കുമ്പോഴാണ് ശ്രദ്ധാലോചനാസംഘക്കാർ തങ്ങളുടെ കാൎയ്യാലോചനകൾ പെട്ടന്നു അവസാനിപ്പിച്ചിട്ടു, പരസ്യസമ്മേളനത്തിൽ വന്നുചേൎന്നതു്. അവർ വന്നു ഒരു പ്രത്യാഖ്യാനരൂപത്തിൽ ഇങ്ങനെ ആരംഭിച്ചു.

ഒരുവൻ— (കെപർഡക്കിനോടായിട്ടു) കാൎയ്യങ്ങളുടെ യഥാൎത്ഥം ഗ്രഹിച്ച അതിന്നനുസരിച്ച നിങ്ങളുടെ ഡയറി തയാറാക്കുകയല്ലയോ വേണ്ടതു?

കെപർഡക്ക— അതേ, അതുതന്നേയാണു ഞങ്ങൾ അഗ്രഹിക്കുന്നതും ചെയ്യുന്നതും.

വേറൊരുവൻ— എന്നാൽ പലതും മാററി എഴുതേണ്ടതായി വന്നേക്കും.

അത്തെൽസ്റ്റൻ— ജനറൽ നൈൽസിൻെറ അംഗീകരണം സിദ്ധിക്കാതെ യാതൊന്നും ഞാൻ ഡയറിയിൽ കയററിയിട്ടില്ലല്ലൊ.

അന്ന്യൻ— ലിഖിതം എടുത്താൽ രണ്ടുപുറവും വായിക്കണം. ഇതേവരെ ഒരു പുറമേ വായിച്ചിട്ടുള്ളൂ.

കേപർഡക്ക— ഉള്ള നേരംകൊണ്ടു മറുപുറവും വായിച്ചുകേൾപ്പാൻ ഞങ്ങൾക്കു അതിയായ അഗ്രഹമുണ്ടു്.

ഇത്രയുമായപ്പോഴേക്കു ജെഫേർസൻ പാതിരിയുടെ പൊയ്പ്പോയ ജീവൻ ഏകദേശം തിരിച്ചുവന്നതുപോലെയായി. ഉദ്ദേശസിദ്ധിക്കു തക്ക അവസരം ഇതുതന്നേയെന്നുകണ്ടു, അദ്ദേഹം തല ഉയൎത്തി, കേപർഡക്കിൻെറ നേക്കു കണ്ണു തുറിച്ചു നോക്കിക്കൊണ്ടു ഇങ്ങനെ പറഞ്ഞു: ഇനി വായിക്കാനുള്ള മറുവശം പ്രോട്ടസ്റ്റൻറു സഭയുടെ കാൎയ്യംതന്നെ.

ഒരുവൻ— ആ സഭകൊണ്ടു ലോകത്തിനുണ്ടായിട്ടുള്ള നന്മകൾ യാതൊന്നും നിങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

നൈൽസ്— ഈ ചുരുങ്ങിയ നേരംകൊണ്ടു ഭൂലോകത്തിലെ സമസ്തകാൎയ്യങ്ങളും റിക്കാർട്ടാക്കിയെന്നു വരുന്നതല്ലല്ലോ. ഓൎമ്മയിൽ വന്നുകിട്ടിയതുപോലെ ഓരോ സംഗതികൾ കുറിച്ചെടുക്ക മാത്രമല്ലേ ചെയ്യുതു്?

ഒരുത്തൻ— അതു ചുരുക്കത്തിൽ പാപ്പാമതക്കാരുടെ ഒരു പ്രശംസാപാത്രമായിത്തീൎന്നതു നാം കാണേണ്ടതല്ലേ?

കെപർഡക്ക്— സമയം അതിക്രമിക്കാതെ നിങ്ങൾക്കു പറവാനുള്ളതു ദയവായിപ്പറഞ്ഞുതന്നാൽ കുറിച്ചെടുക്കുന്നതിന്നു ഞങ്ങൾക്കു വളരെ അഗ്രഹമുണ്ടു്. നിങ്ങൾ ഇപ്പോൾ പ്രസ്താവിച്ചതു ആരേ സംബന്ധിച്ചാണ്?

ജെഫേർസൻ— പ്രോട്ടസ്റ്റൻറുകാരെ സംബന്ധിച്ചു.

കെപർഡക്ക്— കൊള്ളാം, പക്ഷേ അപേരു അത്ര ആകൎഷണീയമല്ലല്ലോ. വേറെ വല്ല പേരും അവൎക്കുണ്ടോ?

പുറകിൽ നിന്നൊരുവൻ— ഇല്ല, അതാണു അവരുടെ സാക്ഷാലുള്ള നാമധേയം. ഒരു നാന്നൂറു കൊല്ലങ്ങൾക്കുമുമ്പു, പാപ്പാമതമെന്നു അവർ അധിക്ഷേപിക്കുന്ന കത്തോലിക്കാസത്യസഭയോടു അവർ പ്രൊട്ടസ്റ്റ് ചെയ്തു (അഥവാ മറുത

ലിച്ച്)ഭിന്നിച്ചുപോയതിനാൽ ഈ പേർ അവർക്ക യഥായോഗ്യം സിദ്ധിച്ചിട്ടുള്ളതാണ്.

അവിടെ മുഴുവൻ കുറേനേരത്തേക്ക ഒരു നിശ്ശബ്ദത വ്യാപിച്ചു. നൈൽസു ചിന്താമഗ്നനായി നിന്നുപോയി. ജെഫേർസൻ രോഷാകുലനായി പല്ലുകടിച്ചു, എങ്കിലും ആരും ഒന്നും പറവാൻ തുനിഞ്ഞില്ല. കടശി അത്തേൽസ്റ്റൻ പറഞ്ഞുതുടങ്ങി:— ആരാണു ഇതിൻെറ ആരംഭകർത്താവ്?

ഒരുവൻ— തന്നിഷ്ടംപോലെ ജീവിക്കുന്നതിലേക്ക കത്തോലിക്കാ സഭയുടെ ന്യായമായ അധികാരികളോടു മറുതലിക്കയാൽ അതിൽനിന്നു ബഹിഷ്കരിക്കപ്പെട്ട ഒരു സന്യാസി.

വേറൊരുവൻ— അധികാരികൾ ധർമ്മാനുസൃതമായി പ്രവർത്തിച്ചില്ലെങ്കിൽ അവരോടും മറുതലിക്കണം. അതിനാണു മനുഷ്യനു സ്വാതന്ത്ര്യം നൽകപ്പെട്ടിരിക്കുന്നത്.

കെൻഡക്ക്— അതും ചിലപ്പോൾ വേണ്ടിവന്നേക്കാം; ഈ മതത്തിൻെറ പിന്നീടുള്ള പ്രോത്സാഹകന്മാർ ആരെല്ലാമാണ്.

ഒരുവൻ— നിജധർമ്മപത്നിയെ പരിത്യജിച്ചു അന്യഭാര്യയെ പരിഗ്രഹിക്കുന്നതിനു വൈദികാധികാരികൾ വിസമ്മതിച്ചതിനാൽ വേദം ഉപേക്ഷിച്ചു ആഗ്രഹനിവൃത്തി വരുത്തുകയും, അനന്തരം യഥേഷ്ടം ഒന്നിനു പുറകു ഒന്നായി ആറു പേരെ വിവാഹം ചെയ്കയും ചെയ്ത ഇംഗ്ലണ്ടിലെ എട്ടാം ഹെൻറി രാജാവു മുതലായി ഈതരത്തിലുള്ള പലരും അതിൻെറ പ്രേഷിതന്മാരായിരുന്നു.

അത്തേൽസ്റ്റൻ— മറുവശത്തു വായിക്കേണ്ടതായി ഇത്രയൊക്കയേ ഉള്ളോ, അതോ ഇനിയും ഉണ്ടോ?

ഒരുവൻ— അതെല്ലാം എങ്ങനെയുമിരിക്കട്ടെ. ലോകപരിഷ്കരണത്തിലേക്ക ഈ മതസ്ഥന്മാർ ചെയ്തിട്ടുള്ള അക്ഷീണ പരിശ്രമങ്ങൾ നിങ്ങൾ പ്രത്യേകം നോട്ടുചെയ്യേണ്ടതാണ്. ഈമതം ഒന്നല്ലായിരുന്നെങ്കിൽ പാപ്പാമതം ഇന്നു ലോകത്തെ അജ്ഞതയിൽ നിമഗ്നമാക്കിക്കളഞ്ഞേനെ.

വേറൊരുവൻ— ഈ മതക്കാർ വിതച്ചിട്ടുള്ള അമിതമായ സ്വാതന്ത്ര്യേച്ഛയുടേയും, അധികാരധിക്കാരത്തിൻേറയും വിത്താണു ഇന്നു ഭൂമുഖത്തെ അതിൻെറ പരിതാപകരപതനത്തിൽ എത്തിച്ചിട്ടുള്ളതെന്നു നിങ്ങൾ പ്രത്യേകിച്ചു നോട്ടുചെയ്യുതന്നെവേണം. മേലാലെങ്കിലും—,

അക്ഷമനായിട്ടെന്നതുപോലെ, ജെഫേർസൻ തൻെറ പോക്കററിൽനിന്നു വാച്ചെടുത്തുനോക്കിക്കൊണ്ടു നില്ക്കുന്നതിനെ കേൻഡക്ക കണ്ട് "അതു സമയപരിഗണനത്തിനുള്ള എന്തോ ഉപകരണമാണെന്നു ഞാൻ കരുതുന്നു. അങ്ങനെതന്നേയല്ലേ?"

നൈൽസ്— അതേ, അങ്ങനെതന്നേ.

കെൻഡക്ക്— നിങ്ങൾ സമയം കണക്കാക്കുന്ന സമ്പ്രദായം എന്താണെന്നറിഞ്ഞാൽ കൊള്ളാമെന്നുണ്ട്.

നൈൽസ്— ഗ്രിഗോരിയൻ കലണ്ടർ എന്നു പേരായി ഒരു പരിഗണനരീതിയാണു ഇപ്പോൾ ലോകത്തിൽ ഏറിയ ഭാഗത്തും ഉപയോഗപ്പെടുത്തിവരുന്നത്.

അത്തേൽസ്റ്റൻ— ആരാണു അതു നടപ്പിൽവരുത്തിയ വിദ്വാൻ?

ഒരുവൻ— ഗ്രിഗോരി എന്നു നാമമുള്ള പാപ്പാമതക്കാരുടെ തലവനായ ഒരു പാപ്പാതന്നേ.

അത്തേൽസ്റ്റൻ— ഈ പാപ്പാമതമാണോ പുകസ്ലാൻ ചിലരുദ്ദേശിക്കുന്നത്. ഇതുപുകച്ചാൽ— എന്നിങ്ങനെ അദ്ദേഹം പറഞ്ഞു തുടങ്ങിയതിനോടെ ജനക്കൂട്ടത്തിൽ ഒരു വലിയ അട്ടഹാസം ഉണ്ടായി. കാറു കയറിയ ആകാശംപോലെ ഇരുണ്ട മുഖത്തോടുകൂടെ അസ്വസ്ഥത പ്രദർശിപ്പിച്ചുകൊണ്ടു വാച്ചുനോക്കി നിന്നിരുന്ന ജെഫേർസൻ പാതിരി അതിനിടയ്ക്കു പെട്ടെന്നു ഒരു മോഹാലസ്യം വന്നു മറിഞ്ഞുവീഴുകയാൽ ആകപ്പാടെ അവിടെ ഒരു ബഹളമായിത്തീർന്നു. "സഹോദരിമാരെ വിളിക്ക" എന്നു ആരോ ഉച്ചത്തിൽ വിളിച്ചു പറഞ്ഞു. ഉത്തരക്ഷണത്തിൽ, വെള്ളവസ്ത്രമണിഞ്ഞ കറുത്ത ശിരോവസ്ത്രധാരികളായ ഏതാനും സ്ത്രീകൾ അവിടെയെത്തി അ

ദ്ദേഹത്തെ മാധുര്യപൂർവ്വം ശുശ്രൂഷിച്ചു എഴുന്നേല്പിച്ചിരുത്തി. "ഇവര് ഇദ്ദേഹത്തിന്റെ സഹോദരിമാരാണോ" എന്നു കെപർഡക്ക നൈൽസിനോടു ചോദിച്ചു.

നൈൽ— അല്ല; രോഗശുശ്രൂഷയ്ക്കായിതന്നെ തങ്ങളുടെ ജീവനെ ബലികഴിക്കുന്ന സിസ്റ്റേഴ്സ് ഓഫ് ചാരിട്ടി എന്ന കന്യകാഗണത്തിൽപെട്ടവരാണ്.

ഒരുവൻ— ഇങ്ങനെയുള്ള ജോലികൾക്കായി സമസ്തവും പരിത്യജിച്ചിറങ്ങിയിരിക്കുന്ന വിവിധതരക്കാരായ അനേകായിരം സ്ത്രീപുരുഷന്മാർ കത്തോലിക്കാ സഭയിലുള്ളവരിൽ ഒരു കൂട്ടരാണു ഇവർ.

അത്തേൽ— ഹാ! ഈ തരക്കാരെ കുറേപ്പേരെ ചൊല്ലായിലേശ— ഇത്രയും പറഞ്ഞപ്പോഴേക്ക വിമാനത്തിൽ നിന്നു ഒരു വലിയ മണിനാദം കേൾക്കപ്പെട്ടു. തൽക്ഷണം കെപർഡക്കും അത്തേൽസ്സനും യാത്രയായിക്കഴിഞ്ഞു.

കെപർ— ഇതാ പുറപ്പെടാറായിരിക്കുന്നു. ഇനി അരനിമിഷം താമസിക്കുന്നതിനു ഞങ്ങൾക്ക നിവൃത്തിയില്ല. ആകയാൽ എല്ലാവരോടും യാത്ര എന്നുപറഞ്ഞു ഇരുവരും നൈൽസിനു കൈകൊടുത്തശേഷം ജെഫേർസന്റെ പക്കൽ ചെന്നു അദ്ദേഹത്തോടും യാത്രചോദിച്ചു വിമാനത്തിൽ കയറിക്കഴിഞ്ഞു.

"സൌകര്യപ്പെട്ടെങ്കിൽ ഇനിയും കണ്ടുകൊള്ളാം. എല്ലാവക്കും വളരെ വളരെ ഉപകാരം" എന്നു വിമാനം പൊങ്ങിപ്പോകുന്നതിനോടുകൂടെ കെപർഡക്ക വീണ്ടും അഭിവാദ്യം ചെയ്കയിൽ നൈൽസു എല്ലാവരുടേയും പേക്ക അവക്കും വന്ദനം പറഞ്ഞു.

വിമാനം മന്ദംമന്ദം ആകാശത്തിലേക്കയുന്നു. ചന്ദ്രികയുടെ പ്രകാശത്താൽ അതു മുഴുവൻ ഒരു വെള്ളിക്കുന്നുപോലെ പ്രശോഭിച്ചു. ഗതിവേഗം പ്രതിനിമിഷം വദ്ധിച്ചുവന്നു. എല്ലാവരും പുഷ്കരമാഗ്ഗത്തിൽ പറന്നുകയറുന്ന ആ പത്രിപ്രവരനെ നോക്കി ആനന്ദിച്ചുകൊണ്ടു നില്ക്കേ വിമാനത്തിൽനിന്നു ഒരു പതാക താഴത്തേക്ക ഇറങ്ങിവരുന്നതായി പ്രത്യക്ഷപ്പെട്ടു. മന്ദമാരുതനിൽ ഇളകിക്കളിച്ചു അഞ്ചുവിനാഴികക്കകം അതു മൈതാനത്തിൽ വന്നുനിലംപതിച്ചു. അതു കരസ്ഥമാക്കുന്നതിനു അഹമഹമികയാ ആളുകൾ ഓടിയെത്തിയെങ്കിലും, ജനറൽ നൈൽസ് അവിടേയ്ക്കു ചെന്നെത്തിയതിനാൽ സകലരും മാറിക്കൊടുത്തു. അധികാരസമീക്ഷണസമേതം അദ്ദേഹം അതു കയ്യിലെടുത്തുനോക്കിയപ്പോൾ അതോടു അനുബന്ധിച്ചു ഒരു ലേഖനവും തൂക്കിയിരിക്കുന്നതുകണ്ടു പൂർവാധികം ഗൗരഭാവം പൂണ്ടെന്നല്ലേ പറയേണ്ടു. ജനതതി ആകാംക്ഷാഭരിതരായി നിൽക്കവേ താഴെക്കാണുന്ന എഴുത്തു ആദ്യം പരസ്യമായി അദ്ദേഹം വായിച്ചുതുടങ്ങുകയും രഹസ്യത്തിൽ. വായിച്ചു അവസാനിപ്പിക്കയും ചെയ്തു. (തുടരും)

ഫാദർ സൈമൺ സി. ഡി.

## മാതാവിന്റെ ലുത്തനിയ (തുടർച്ച)

ഞങ്ങളിൽത്തെളിവുചേക്കമാറു സകലാത്മബോധ, മതിഭക്തിയും,
തിങ്ങിടുന്ന ബഹുമാനവും, നിറയുമേററവും സുകൃത പാത്രമേ!
മങ്ങലം കലരുമീശചിന്ത നിവസിച്ചിടുന്ന നവപുഷ്പമേ!
സങ്കടങ്ങളൊഴിവാനിരക്ക നിഖിലൈകനാഥ തിരുസന്നിധൌ.

സി. മാത്യു കുട്ടമ്മേൽ.

ഉത്തുംഗാത്ഭുത ഭക്തിഭാജനമണേ! ദേവേശതത്പാത്ഥസം—
പത്താലുത്തമപൂരിതം കുസുമമേ! ദാവീദുതൻ കോട്ടനീ

കാത്തുശുഭ്ബുന്നികേതനേ! വിമലദന്തക്കോട്ടയാമംബികേ!
പാർത്തിടാതെ പരൻെറ സന്നിധിയതിൽ പ്രാർത്ഥിക്കിവക്കായിനീ.

പി. മാത്യു, കാക്കനാട്ടു.

നിസ്തുല്യാമലഭക്തിതൻ നിലയമേ! പാരത്രികാശ്ശീസ്സുകൾ–
ക്കാസ്പുത്യാസ്പദമാം സുഗന്ധസുമമേ! ദാവീദുതൻ കോട്ടയേ!
വസ്തുശ്രേഷ്ട്യമിയന്നദന്തമതിനാൽ നിർമ്മിച്ചവൻ ദുർഗ്ഗമേ!
ശസ്തശ്രീതിരളും സുവർണ്ണഗൃഹമേ! ദൈവത്തെയർത്ഥിക്കണേ!.

ക്രൂക്കമററം സ്കറിയാ ഡീക്കൻ.

അത്യന്താൽഭുതഭക്തിയാന്ന വിമലേ! സൂഷ്മാരഹസ്യാമൃതം
തിങ്ങുംകോമളപുഷ്പമേ! മറിയമേ! ദാവീദുതൻകോട്ടയേ!
നന്നായ് നൽദ്ദ്യുതിയാന്നദന്തമതിനാലുള്ളോരു പ്രാകാരമേ!
യെന്നും നിൻസുതനോടിരക്കയിവനായ് സ്വർണ്ണാലയേ സാധ്യമായ്

ഏ. ആൻറണി പ്രണാണ്ടസ് ശാസ്ത്രാംകോട്ട്.

അത്യാശ്ചര്യമെഴുന്നഭക്തിവളരും പൂവാടികേ! ഭവ്യമാം
നിത്യാനന്ദരഹസ്യപൂരിതസുമേ! ദാവീദുതൻകോട്ടയേ!
പ്രീത്യാനിർമ്മിതമായദന്തസദനം, ശ്രീരാജസ്വർണ്ണാലയം
സത്യാഭിശ്രുതിചേന്നദിവ്യജനനീ! പ്രാർത്ഥിക്കിവക്കായ് സദാ.

പ്ലാക്കിഴിൽ ജോൺ വാദ്ധ്യാർ.

ഭക്തിക്കപാത്രമിഹ, ദൈവരഹസ്യപുഷ്പം
ദാവീദിനുള്ളമലമാകുമുയന്നകോട്ട
വാഗ്ദാനപേടകയമേയസുവർണ്ണഗേഹം
പ്രാർത്ഥിക്കനീ മറിയമേ! യടിയാക്കുവേണ്ടി.

കെ. ജോൺ കൈതക്കോട്ടിൽ.

ദിവ്യശ്രീ കലരും രഹസ്യമിയലും ലില്ലിലതപ്പുഷ്പമെ!
ദാവീദിന്നു സുരക്ഷയാം മറിയമേ! ദന്തോൽകൃതം കോട്ടയെ!
ദേവാസ്ഥാനമതാം സുവർണ്ണഗൃഹമേ! വാഗ്ദാനഭണ്ഡാരമെ!
ദൈവത്തോടപേക്ഷ ചെയ്യരുളണേ ഞങ്ങൾക്കുവേണ്ടിസ്സദാ.

മീനച്ചൽ മാപ്പിളക്കുന്നേൽ മത്തായി മാപ്പിള.

അത്യത്ഭുതാസ്പദസുഭക്തിനിധേ! പരാത്മ–
തത്വപ്രസൂനകമെ! "ദാവിദു"കോട്ടയേ! നീ
ദന്താലയം, കനകനിർമ്മിതഗേഹവും നീ–
യെന്നും കനിഞ്ഞിവനുവേണ്ടിയിരന്നിടേണേ.

ജോസഫ് പി. പുലിക്കോടൻ.

അത്യന്താത്ഭുതഭക്തിപാത്ര, മഖിലേശൻതൻരഹസ്യംനിറ–
ഞ്ഞുത്തുംഗാഭയെഴുന്നപുഷ്പ,മരചൻ ദാവീദുതൻകോട്ടനീ;
നിത്യംനിർമ്മലദന്തനിർമ്മിതമഹാഭണ്ഡാരമേ! സ്വർണ്ണസം
പത്തേ! നിന്നുടെപത്തുക്രുപ്പമിവനായ് പ്രാർത്ഥിക്കനിൻ പുത്രനേ!.

ആറാട്ടു പ്രാൻസിസ് കോയിവിള.

ദായൂദപാർത്ഥിവകൃതാമലദന്തദുർഗ്ഗം
ഹേമാലയം പരമശ്രദ്ധസുമം ച ഭൂമൌ
വാഗ്ദത്തപേടകമിതിപ്രഥിതാമലാംഗീ!
താം പ്രാർത്ഥയാസ്മദുപയുക്തമുദീക്ഷ്യദേവം.

അതിരമ്പുഴ സി. എം. സെബാസ്ത്യൻ.

ഭക്ത്യാസ്പദം, പരമദേവരഹസ്യസൂനം,
ദാവീദുമന്നനുടെയുന്നത ഗോപുരംനീ
ഹേമാലയേ! ധവളദന്ത വിശിഷ്ടകോട്ടേ!
പ്രാർത്ഥിക്കണേ സതതമപ്പരസന്നിധാനേ.

കെ. ളൂയിസ്, മുണ്ടശ്ശേരി.

ആശ്ചൎയ്യപ്രദമായ ഭക്തിവിളയും നിസ്തുല്യ കേദാരമേ!
സച്ചരം ദേവരഹസ്യപൂൎണ്ണ വരദപ്പുഷ്പാഗ്ര്യമേ! ദാവിദിൻ
ഉച്ചം പാരമിയന്ന കോട്ടയെ! സുദന്തം വച്ചപ്രകാരമേ!
മെച്ചം സ്വൎണ്ണനികേതമേ! നരതതിക്കായിട്ടുപേക്ഷിക്കണേ!!

മുകളയിൽ ജോസഫ് വാദ്ധ്യാർ നീണ്ടൂർ.

## തിരുഹൃദയഭക്തന്മാർ ൲൱൮ ചിങ്ങമാസത്തിൽ വെക്കേണ്ട പൊതുനിയോഗം.

### "അമേരിക്കയിലെ സത്യവേദ സ്ഥിതി."

വടക്കെ അമേരിക്കാ തെക്കെഅമേരിക്കാ എന്ന രണ്ടു വലിയ ഭൂവിഭാഗങ്ങളുള്ളതിൽ തെക്കെഅമേരിക്കായെ മാത്രമാണു ഇവിടെ പ്രത്യേകിച്ചു ഉദ്ദേശിച്ചിരിക്കുന്നതു്. അമെരിക്കാഖണ്ഡം കണ്ടുപിടിച്ചശേഷം സ്പെയിൻ പോർട്ടുഗൽ ഫ്രാൻസു മുതലായ യൂറോപ്യൻ രാജ്യങ്ങളിൽനിന്നു നിരവധിജനങ്ങൾ അവിടെ കുടിയേറിപാൎത്തു. ഏകദേശം പതിനെട്ടാം ശതാബ്ദംവരേ അവരിൽ ഏറിയപങ്കും അതാതു ഗവമ്മേണ്ടുകളുടെ കീഴിൽതന്നെ സ്ഥിതിചെയ്തിരുന്നു, അനന്തരം പലതും സ്വാതന്ത്ര്യരാജ്യങ്ങളായിട്ടുതീൎന്നു. ഇപ്രകാരം ജനാധിപത്യം നടത്തി വരുന്നതായി തെക്കെ അമേരിക്കയിലുള്ള പതിന്നാലു രാജ്യങ്ങൾ ലത്തീൻ അമേരിക്കാ എന്ന പേരിൽ സഭാസംബന്ധമായ കാൎയ്യങ്ങളിൽ സാധാര അറിയപ്പെട്ടുവരുന്നു. അവിടത്തെ സത്യവേദാഭിവൃദ്ധിക്കായി പ്രാൎത്ഥിക്കുന്നതിനാണു ഈ മാസത്തിൽ പ: പിതാവു നിയോഗിച്ചിരിക്കുന്നതു്



വിസ്തീൎണ്ണമേറിയ ഈ ഭൂവിഭാഗത്തിൽ മൂന്നുകോടിയിൽപരം ജനങ്ങളുള്ളതിൽ നൂറ്റുക്കു തൊണ്ണൂററാറും കത്തോലിക്കരാണ്. അതിൽപെട്ട ജനാധിപത്യ ഗവമ്മേണ്ടുകളെല്ലാം തന്നേ വത്തിക്കാനിലേക്കു പ്രതിനിധികളെ അയച്ചിട്ടുമുണ്ട്. എങ്കിലും കുറെനാളായിട്ടു കത്തോലിക്കാസഭയുടെ അവിടത്തെനില ഒട്ടുംതന്നെ അഭിലഷണീയമല്ല. വിശ്വാസവിഹീനരും, തിരുസഭാവിദ്വേഷികളുമായ ചിലഭരണാധികാരികളുടെയും, അവരെ അനുകൂലിക്കുന്ന ചില ജനവിഭാഗങ്ങളുടെയും പ്രാബല്യം നിമിത്തം സഭയ്ക്കു പലടത്തും അനല്പമായ ശല്യം നേരിടുന്നുണ്ടു്. മെക്സിക്കോ മുതലായ സ്ഥലങ്ങളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഭയങ്കര മതപിഡനകൾ ഇതിനു ദൃഷ്ടാന്തമാകുന്നു. പള്ളികളുടെയും പട്ടക്കാരുടേയും ചുരുക്കം ഈദൃശമായ വിശ്വാസക്ഷയത്തിനുള്ള ഒരു പ്രധാന കാരണമായി പറയപ്പെടുന്നു. ഫ്രാൻസിൽ അറുനൂറു കത്തോലിക്കൎക്കും, സ്പെയിൻ, ഇററലി എന്ന രാജ്യങ്ങളിൽ അഞ്ഞൂറു ആളുകൾക്കും മൊത്തത്തിൽ ഒരു പട്ടക്കാരൻ വീതം ഉണ്ടായിരിക്കെ ഇവിടെ നാലായിരം പേൎക്കു ഒരു വൈദികൻ പോലും ഉണ്ടാകുന്നതല്ലെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. ആകയാൽ ഇപ്രകാരമുള്ള ഈ ശോചനീയാവസ്ഥ നീങ്ങി ഇവിടെ കത്തോലിക്കാ സഭ വീണ്ടും പൂൎണ്ണ സ്വാതന്ത്ര്യം പ്രാപിക്കുന്നതിനും ക്രിസ്ത്യാനികൾ വിശ്വാസ വിഷയത്തിൽ തീക്ഷ്ണതയുള്ളവരാകുന്നതിനും സകലരും പ്രാൎത്ഥിപ്പാറാകണം.

കന്നിമാസം:— "റഷ്യയിലെ ക്ഷാമ പീഡിതരായ ജനങ്ങൾ"

# പുതിയ പുസ്തകങ്ങൾ.

വ്യാകുലമാതാവിൻ വണക്കമാസം.

സെൻറു ജോസഫ്സ് പ്രസ്സ്, മാന്നാനം— വില ൧൨ അണ.

പുതിയ പുസ്തകങ്ങൾ ധാരാളമായി പുറപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു കാലമാണിത്. എന്നാൽ അവയിൽ ചിലതു പുറപ്പെടാതിരുന്നാലുള്ളതിൽ കൂടുതലായ യാതൊരു ഫലവും പുറപ്പെട്ടതുകൊണ്ടു ഉണ്ടാകാത്ത തരത്തിലുള്ളവയാണെന്നുള്ള വാസ്തവം മറച്ചുവയ്ക്കാവുന്നതല്ല. പരസ്യങ്ങളും കോലാഹലങ്ങളും കണ്ടു ഭ്രമിച്ചു പുസ്തകംവാങ്ങി വായിച്ചുനോക്കുമ്പോളതിൻെറ വിശേഷതയെല്ലാം പരസ്യത്തിൽ മാത്രമായിരുന്നു എന്നു കണ്ടു പലക്കും രഹസ്യത്തിൽ പശ്ചാത്താപത്തിനിടയാകുന്നുണ്ട്. മേൽപ്രസ്താവിക്കപ്പെട്ടിരിക്കുന്ന പുസ്തകം ഈയിനത്തിൽപ്പെട്ടതല്ലെന്നുകാണുന്നതിൽ ഞങ്ങൾ വളരെ സന്തോഷിക്കുന്നു. വ്യാകുലമാതാവിനു പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന കന്നിമാസത്തിലേക്കു ഒരു വണക്കമാസപ്പുസ്തകമായി ഇതു അത്യന്തം ഉപകരിക്കുമെന്നു തന്നെയല്ല, കത്തോലിക്കാ കുടുംബങ്ങളിൽ ഭക്തിസംവൎദ്ധകമായ പ്രതിദിനപാരായണത്തിനു ഇതു എപ്പോഴും പ്രയോജകീഭവിക്കുന്നതാണ്. ദൈവഭയവും പാപവിദ്വേഷവും വരുത്തത്തക്ക നിത്യസത്യങ്ങളിന്മേലുള്ള ധ്യാനങ്ങൾ ഇതിൻെറ ഓരോ തീയതിയിലുംകൊടുത്തിട്ടുണ്ട്. ഈദൃശ ഭക്തഗ്രന്ഥങ്ങൾക്കു സാധാരണ കണ്ടുവരാറുള്ളതിലധികം ഭാഷാശുദ്ധി ഇതിനുണ്ടെന്നുള്ളതും ശ്രദ്ധേയമായിരിക്കുന്നു.

---

The Malabar Catholic Student.

Vol. 1. No. 1.

St. Joseph's College Trichinopoly, Price 2 as.

ദിവാൻ മിസ്റ്റർ ബാനർജി സ്ഥാനം കയ്യേററതിനോടെ മൈസൂർ രാജ്യഭരണയന്ത്രത്തിനു ഉണ്ടായിട്ടുള്ളതുപോലെയുള്ള ഒരു ജീവനും ഉണർച്ചയുമാണു റവ. ഫാദർ ഹൊനോരെ എസ്. ജെ. അവർകൾ മലബാർ കത്തോലിക്കു വിദ്യാൎത്ഥിസംഘവുമായി ഇടപെട്ടതിൽപിന്നെ അതിനുകണ്ടുവരുന്നതു്. ചങ്ങനാശേരിൽ വച്ചു കഴിഞ്ഞ സമ്മേളനത്തിൽ സമാജനിയമങ്ങൾ നവീകരിക്കപ്പെടുകയും, ഒരു ഭരണസഖ്യത്തിൻെറ രീതിയിൽ അതിനെ സ്ഥാപിക്കയുമുണ്ടായതു് കേരളീയ കത്തോലിക്കർ അറിഞ്ഞിട്ടുള്ളതാണല്ലൊ. അനന്തരം പുതിയ വത്സരാരംഭത്തോടെ ഊൎജ്ജിതമായ നടപടികൾ തുടങ്ങിയിരിക്കയാണ്. സഭ വകയായി മുകളിൽ പറഞ്ഞിരിക്കുന്ന പേരോടുകൂടിയുള്ള ഒരു പത്രഗ്രന്ഥം കഴിഞ്ഞമാസത്തിൽ പുറപ്പെട്ടിരിക്കുന്നു. പത്രാധിപക്കുറിപ്പുകൾ, സഭാനിയമങ്ങൾ, ശാഖാസംഘങ്ങളും പഠനയോഗങ്ങളും, താഴ്ന്നതരം പഠനയോഗങ്ങൾ, ആദ്ധ്യാത്മികോപദേഷ്ടാവു എന്നീ വിഷയങ്ങളെപ്പററി ഇതിൽ പ്രതിപാദിച്ചിട്ടുണ്ട്. കേരളത്തിലുള്ള പ്രധാനസ്ഥലങ്ങളിലെല്ലാം ശാഖാസംഘങ്ങൾ ഉടനടി ആരംഭിച്ചു നടപ്പിൽ വരുത്തത്തക്കവണ്ണം ഏൎപ്പാടു ചെയ്തിട്ടുള്ളതായിക്കാണുന്നു. നമ്മുടെ സമുദായോൽക്കൎഷവിഷയത്തിൽ സൎവ്വപ്രധാനമായി നാം ചെയ്യേണ്ടതു നമ്മുടെ യുവാക്കന്മാരുടെ സംസ്കരണമാണെന്നു പറയേണ്ടതില്ലല്ലൊ. ഉദാരമതികളായ തൃശ്ശിനാപ്പള്ളിലെ ഈശോസഭാവൈദികരുടെ ഈ സംരംഭത്തിൽ നാം സൎവ്വാത്മനാ സഹകരിക്കയെങ്കിലും ചെയ്യേണ്ടതാകുന്നു.

---

ഇരിങ്ങാലക്കുട നിന്നു പുറപ്പെട്ടു തുടങ്ങിയിട്ടുള്ള "തൊഴിലാളി" എന്ന മാസികയും, വരാപ്പുഴ കൊൺവേർഷ്യൻ ലീഗു വക ൨-ാംനമ്പ്ര "ഈശ്വരപ്രകാശിതമതം പലതുണ്ടാകാമോ?" എന്ന ലഘുലേഖയും കൃതജ്ഞതാപൂൎവ്വം കൈപ്പററിയിരിക്കുന്നു.

# കുറിപ്പുകളും വർത്തമാനങ്ങളും.

ദിവ്യകാരുണ്യ മഹാസഭയ്ക്കു മാർപ്പാപ്പാതിരുമനസ്സിലെ പാതിരാക്കറുബാനായിൽ ദിവ്യകാരുണ്യം എഴുന്നള്ളിച്ചുകൊടുത്ത എട്ടു മെത്രാന്മാരുടെ കൂട്ടത്തിൽ. നി. വ. ദിവ്യശ്രീ. ചൂളപ്പറമ്പിൽ മെത്രാനച്ചനവർകളും ഉൾപ്പെട്ടിരുന്നതായി അറിയുന്നു.

പരിശുദ്ധപിതാവു തിരുമനസ്സുകൊണ്ടു് ദിവ്യകാരുണ്യ മഹാജനസഭ കഴിഞ്ഞു അതിൻെറ കാര്യനിർവ്വഹണ സംഘക്കാർക്കു കല്പിച്ചു നൽകിയ കൂടിക്കാഴ്ചയിൽ, മഹാസഭയുടെ അത്ഭുതപൂർവ്വമായ വിജയത്തെപ്പററി സംസാരിച്ചപ്പോൾ സന്തോഷാശ്രുക്കൾ ചിന്തിയതായികമ്പിവർത്തമാനങ്ങളിൽ കാണുന്നു.

തിരുവിതാംകൂറിലെ നിയമനിർമ്മാണസഭ ജൂലയി ൧൯-ാംനു ബുധനാഴ്ച മുതൽ ആരംഭിച്ചു നടന്നുവരുന്നു. ജാതിസ്പർദ്ധ സർവ്വത്ര പ്രത്യക്ഷപ്പെടുന്നതു ശോചനീയം തന്നേ. കല്ലാർ സ്കീം വഴി വിദ്യുച്ഛക്തി ഉണ്ടാക്കിയാൽ ഈ വിഷവായു നാട്ടിൽ നിന്നു ആട്ടിക്കളവാൻ പര്യാപ്തമാകുമെങ്കിൽ വളരെ നന്നായിരുന്നു!!

വി അമ്മത്രേസ്യാ പുണ്യവതിയേ പേരുവിളിച്ചതിൻെറ മൂന്നാം ശതവർഷഘോഷം പ്രമാണിച്ചു സ്പെയിൻ ഗവമ്മേൻറു പുതിയതരം കുറേ തപാൽസ്റ്റാമ്പുകൾ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. അതിൽ പുണ്യവതിയുടേയും, സമകാലീനന്മാരായ മാർപ്പാപ്പാമാർ, സ്പെയിൻ രാജാക്കന്മാർ എന്നിവരുടേയും ഛായാപടങ്ങൾ അടങ്ങിയിട്ടുണ്ടു.

ജർമ്മനിയിൽ വീണ്ടും രാജാധിപത്യം സ്ഥാപിക്കുന്നതിനുള്ള ഒരു ബഹളം നടന്നുവരുന്നുണ്ടു. ക്രമേണ രാജവാഴ്ചയുണ്ടാകുമെന്നും, എങ്കിലും താൻ അങ്ങോട്ടേയ്ക്കു ഇനി പോകുന്നില്ലെന്നുമാണു കൈയിസർ പറയുന്നതു. അദ്ദേഹം ഇപ്പോൾ ആദ്ധ്യാത്മികകാര്യങ്ങളിൽ പ്രത്യേക ശ്രദ്ധ പതിച്ചിരിക്കയാണു. കത്തോലിക്കാ മതത്തിൻെറ നേരേ അത്യധികം പ്രതിപത്തി പ്രദർശിപ്പിച്ചുവരുന്നു.

കഴിഞ്ഞ ഏപ്രിൽമാസത്തിൽ കത്തോലിക്കാ സഭയിലേക്കു പ്രവേശിച്ച വാൻഈഡർ എന്ന പ്രസിദ്ധ ഡച്ചുഗ്രന്ഥകാരൻെറ മാനസ്സാന്തരത്തിൻെറ പ്രധാനകാരണം പരിശുദ്ധ ദൈവജനനിയുടെ നേരേ അദ്ദേഹത്തിനുണ്ടായിരുന്ന ഭക്തിയാണെന്നു അദ്ദേഹത്തിൻെറ ജ്ഞാനസ്നാനപിതാവു ഹോളണ്ടിലേ ഒരു പത്രത്തിൽ എഴുതിയിരിക്കുന്നു.

വ്യാവസായികമായുള്ള വിദ്യാഭ്യാസത്തിൻെറ ആവശ്യകത നമ്മുടെ നാട്ടിൽ ഇനിയും വേണ്ടവിധം ഗ്രഹിച്ചിട്ടില്ലെന്നുള്ളതു ശോചനീയമായിരിക്കുന്നു. മുത്തോലപുരം കന്യകാമഠം വക സ്കൂളിൽ വളരെ ആദായകരമായ റേന്തവ്യവസായം പഠിപ്പിക്കുന്നതിനായി ഒരു പ്രത്യേക ക്ലാസു ഏർപ്പെടുത്തിയിരിക്കുന്നതായി അറിഞ്ഞു ഭാരവാഹികളെ ഞങ്ങൾ ഹാർദ്ദമായി അനുമോദിക്കുന്നു.

റവ. ഫാദർ കുരുവിള പേരേക്കാട്ടു എസ്. ജെ. അവർകൾ ജൂലൈ ൧൨-നു ബുധനാഴ്ച ബംഗാൾ പ്രസിഡൻസിയിലുള്ള കെർസിയോങ്ങ് സെൻറു മേറീസ് സെമ്മിനാരിയിൽ വച്ചു നവപൂജ അണച്ചതായി അറിഞ്ഞു ഞങ്ങൾ സന്തോഷിക്കുന്നു. ഭരണങ്ങാനം ഇടവക പേരേക്കാട്ടു മാത്തൻ അവർകളുടെ പ്രഥമ പുത്രനായ ഇദ്ദേഹം, കേരളീയ സുറിയാനിക്കാരിൽ നിന്നുള്ള പ്രഥമ ജെസ്യൂറ്റ് വൈദികനാകുന്നു.

## ചരമവാർത്തകൾ.

മ്ശിഹായിൽ ഭാഗ്യമരണം പ്രാപിച്ച താഴെപ്പറയുന്ന ആളുകൾക്കുവേണ്ടി കുസുമ വായനക്കാർ പ്രാർത്ഥിപ്പാറാകണം.

൧ കുഴുപ്പള്ളി പള്ളിയിടവക ചിറ്റേഴത്തു ഔസേപ്പു കൊച്ചുവറിയതു അവർകളുടെ പ്രഥമ സഹോദരി മറിയം ഇടവം ൧൭-നു വയസ്സു ൭൩.

൨ വടകര ഇടവക തെള്ളിപ്പറമ്പിൽ മറിയം ജൂലായി ൯-ാനു വയസ്സു ൮൦.

൩ അതിരമ്പുഴപ്പള്ളിയിടവക പുറക്കരി ബ. ദേവസ്യാച്ചൻ അവർകളുടെ ജ്യേഷ്ഠപത്നി ത്രേസ്യാം ജൂലായി ൧൦-ാം നു തിങ്കളാഴ്ച ൪൫ വയസ്സു.

പരേതനായ ക. നി. മൂ. സ. ബ.
ബർണ്ണർദീനോസച്ചൻ

കേരളീയ കർമ്മല സഭാവല്ലിയിലെ ഓരോ സുഗന്ധപുഷ്പങ്ങൾ അടുക്കലടുക്കലായി വീണുപോകുന്ന ദുഃഖവർത്തമാനം അറിയിക്കുന്നതിൽ ഞങ്ങൾക്കു അപാരമായ മനസ്താപമുണ്ടു. കഴിഞ്ഞതവണ പ്രസ്താവിച്ചിരുന്ന പരേതനായ ബ. അൽബർത്തോസച്ചന്റെ സഹപാഠികളുടെ ശേഖരത്തിൽപെട്ട ഒരാളാണു ഇക്കഴിഞ്ഞ ജൂലൈ ൧൦-ാംനു- തിങ്കളാഴ്ച രാത്രി ഒൻപതുമണിയ്ക്കു മാന്നാനം ആശ്രമത്തിൽവച്ചു പരലോകപ്രാപ്തനായ ബ. ബർണ്ണർദീനോസച്ചൻ. ഒരാഴ്ചയോളം വാതരോഗം പിടിപെട്ടു കിടപ്പായശേഷം തന്റെ ബന്ധുമിത്രാദികളുടേയും സന്യാസസഹോദരന്മാരുടേയും മദ്ധ്യേ അദ്ദേഹം അന്ത്യശ്വാസം വിടുകയാണുണ്ടായതു. കരിത്തുങ്കലച്ചൻ എന്ന പേരാൽ ഏവർക്കും സുപരിചിതനായ ഇദ്ദേഹം മുട്ടുചിറ ഇടവക കരിത്തുങ്കൽ എന്ന പ്രസിദ്ധ കുടുംബത്തിൽ ൧൦൩൯ വൃശ്ചികം ൨൭-ാംനു- ജനിച്ചു. ൧൯ വയസ്സിൽ കർമ്മലീത്താസഭയിൽ പ്രവേശിക്കയും, ൨൭-ാമത്തെ വയസ്സിൽ കുർബാനപ്പട്ടമേല്ക്കയും ചെയ്തു. ശില്പശാസ്ത്രത്തിൽ ഈ ദേഹത്തിനുണ്ടായിരുന്ന അനന്യസാധാരണമായ സാമർത്ഥ്യത്തിന്റെ സ്മാരകമായി തിരുവിതാംകൂറിലും കൊച്ചിയിലും, പല വിശിഷ്ട ദേവാലയങ്ങളും സക്രാരികളും, സിംഹാസനങ്ങളും ഇപ്പോഴും പരിലസിക്കുന്നുണ്ട്. ഇദ്ദേഹത്തിന്റെ വിനയവും മാധുര്യസ്വഭാവവും സുപ്രസിദ്ധങ്ങളാണു. മരിക്കുമ്പോൾ ഇദ്ദേഹത്തിനു ൫൮ വയസ്സു പ്രായമുണ്ടായിരുന്നു.

## മനോഗുണവിവരങ്ങൾ

എന്റെ മകളുടെകുട്ടിക്കു പിടിപെട്ട തളർവാതം ചെങ്ങളത്തു മാർ അന്തോനീസിന്റെ സഹായത്താൽ സുഖപ്പെട്ടിരിക്കുന്നതിനാൽ ഞാൻ നേർന്നിരുന്നപ്രകാരം കുസുമംവഴി ഉപകാരസ്മരണ ചെയ്തുകൊള്ളുന്നു.
സി. വി. ജേ. പാവർട്ടി.

ഭാഗ്യവതിയായ കൊച്ചുത്രേസ്യായുടെ സഹായത്താൽ ഗവർമ്മേന്റ് പരീക്ഷയിൽ ഒന്നാമതായി ജയിച്ചതിന് അപുണ്യവതിയോട്ട് എനിയ്ക്കുള്ള അതിരററ കൃതജ്ഞത കർമ്മലകുസുമംവഴിയായി പ്രകാശിപ്പിച്ചുകൊള്ളുന്നു.
എ. എ. സി. കോട്ടയം.

മാതാവിനോടും വി. യൗസേപ്പുപിതാവിനോടും, വി. അന്തോനീസിനോടുമുള്ള പ്രത്യേക പ്രാർത്ഥനവഴിയായി ഞാൻ കഴിഞ്ഞകൊല്ലം പരീക്ഷയിൽ വിജയിയായതിന്റെ കൃതജ്ഞത.
കേ. വി. ജേ. ചേർത്തല.

ചെങ്ങളത്തു മാർ അന്തോനീസിന്റെ സഹായത്താൽ എന്റെയും എന്റെ കുട്ടിയുടേയും സുഖക്കേടു പൂർണ്ണമായി സുഖപ്പെട്ടതിനു ഉപകാരസ്മരണ ചെയ്യുന്നു.
കെ. ജെ. തണ്ണീർമുക്കം.

ചെങ്ങളത്തിലെ വി. അന്തോനീസിനോടു പ്രാർത്ഥിച്ചു എന്റെ വയറുകടി അത്ഭുതമായി ഭേദപ്പെട്ടുകിട്ടിയതിനു എന്റെ മദ്ധ്യസ്ഥനു നന്ദിപറയുന്നു.
വി. ഗോമസു വന്നിയകോട്ടു.

എന്റെ കുടുംബം തിരുഹൃദയത്തിനു പ്രതിഷ്ഠിച്ചതിനോടേ ലഭിച്ച ഒരു വലിയ മനോഗുണത്തിനും തിരുഹൃദയത്തോടു നൊവേന കഴിച്ചുകിട്ടിയ വേറൊരു അസാമാന്യസഹായത്തിനും ഉപകാരസ്മരണ.
എ. ഇ. വി. എറണാകുളം.

## സിദ്ധൌഷധക്കുറിപ്പുകൾ.

പഴുപ്പൻനാളികേരത്തിന്റെ പാലിൽ രക്തിമധുരവും ചെത്തിപ്പൂവും സമം അരച്ചു കലക്കി കാച്ചിഅരിച്ച വെളിച്ചെണ്ണതേച്ചാൽ കുട്ടികളുടെ തലയിലും മററംഗങ്ങളിലുമുണ്ടാകുന്ന ചൊറി ചിരങ്ങുകൾ ശമിക്കുന്നതാണ്.

* * *

ഇളന്നീർചിരട്ട, പേരാലിൻതളിരു ഇവ പച്ചവെള്ളത്തിലരച്ചു മുഖത്തുപുരട്ടുക. മുഖക്കുരു ശമിക്കുന്നതാകുന്നു.

* * *

തുരിശ്, മനയോല, തുത്ഥം, കറുപ്പ്, മെഴുക്, ചുണ്ണാമ്പ് ഇവ സമം നാളികേരത്തിൻ ചകിരി ഇടിച്ചുപിഴിഞ്ഞ നീററിൽ അരച്ചുകലക്കി അടുപ്പത്തു വച്ചു കുറുക്കി കുറേശ്ശെ കാലിൽ പുരട്ടിയാൽ കുഴിനഖം സുഖപ്പെടും.

# പഞ്ചാംഗം.

ഞായറാഴ്ച അക്ഷരം 2. ൲2 എപ്പകത്തി ൲

## ൧൯൨൨ ആഗസ്റ്റ്—൧൦൯൮ കൎക്ക—ചിങ്ങം.

| | | | | |
|---|---|---|---|---|
| 1 | 17 | ചൊ | ശ്ലീ. പത്രോസ് ചങ്ങല. ന. ആ. ക. പെ. | വെ. |
| 2 | 18 | ബു | പാ. വേ. എസ്തപ്പാനോസ്. ന. ആ. ക. പെ. | ച്യു. |
| 3 | 19 | വ്യാ | ശ്ലീ. എസ്തപ്പാനോ. ശരീരം കണ്ടെത്തി. ന. ആ. ക പെ. | ച്യു. |
| 4 | 20 | വെ | മെ. ഡൊമിനിക്കോസ്. ന. ആ. ക പെ. | വെ. |
| | | | വ്യാകുലമാതാവിൻെറ തിരുനാളിനുമുമ്പുള്ള വെള്ളിയാഴ്ച ഭക്തി നാളെതുടങ്ങുന്നു. | |
| 5 | 21 | ശ | മഞ്ഞുമാതാവ്. ന. ആ. ക. പെ. | വെ. |
| 6 | 22 | ഞാ | ✠ പന്ത. ൯-ാം ഞാ. (✠) ന. ക. വെളി. ന. ക. പെ. ൎ൨൨ ൲ | വെ. |
| | | | കന്യകമറിയത്തിൻെറ സ്വൎഗ്ഗാരോഹണ നവനാൾ തുടങ്ങുന്നു. | |
| 7 ● | 23 | തി | അ. വേ. ഡൊനാത്തൊ. ന. ആ. ക. പെ. | ച്യു. |
| 8 | 24 | ചൊ | വേ. കുറിയാക്കോസു. ന. ക പെ. | ച്യു. |
| 9 | 25 | ബു | ശ്ലീ. ലൌറന്തിയോസ. തലെ. ന. ആ. ക. ത. | റോ. |
| 10 | 26 | വ്യാ | (✠) വേദ. ലൌറന്തിയോസ്. ന. ക. പെ. | ച്യു. |
| 11 | 27 | വെ | വേദ. തീബോത്തിയോസ്. ന. ആ. ക. പെ. | ച്യു. |
| 12 | 28 | ശ | ക. ക്ലാര. ന. ആ. ക. പെ. | വെ. |
| 13 | 29 | ഞാ | ✠ പന്ത. ൧൦-ാം ഞാ. ന. ക. ആ. · ൎ൲ൎ· 2 | പ. |
| | | | ☞ തിങ്കൾ ഇറച്ചിവിലക്ക്, ചൊവ്വാ കടം പള്ളിയിൽ അറിയിക്കണം | |
| 14 | 30 | തി | മാതാവിൻെറ കരേററം. ത. ന. ആ. ക ത. (ഇ. വി). | റോ. |
| 15 | 31 | ചൊ | ✠ ഭാ. കന്യകമറിയത്തിൻെറ കരേററം. ന. ക. പെ. | വെ. |
| | | | പള്ളിപ്പുറം, ചങ്ങനാശേരി ഈ പള്ളികളിൽ പ്രധാന തിരുനാൾ. | |
| 16 | 32 | ബു | † മെ. റോക്കി. ന. ആ. ക. പെ. | വെ. |
| 17 | 1 | വ്യാ | ശ്ലീ. ലൌറന്തിയോസ്. എട്ടാം. ന. ആ. ക. പെ. | ച്യു. |
| 18 | 2 | വെ | വേദ. അഗാപ്പിത്തോസ്. ന. ആ. ക. പെ. | ച്യു. |
| 19 | 3 | ശ | † മെ. യോവാക്കീം. ✳ ൎ൨ ന. ആ. ക. പെ. | വെ. |
| 20 | 4 | ഞാ | ✠ പന്ത. ൧൧-ാം ഞാ. ന. ക. ആ. ൎ൲ ൭ ൲ | പ. |
| | | | ☞ ബുധൻ ഇറച്ചിവിലക്ക് പള്ളിയിൽ അറിയിക്കണം. | |
| 21 | 5 | തി | † വി. പ്രംസീസ്സ്. ഭെഷന്താൾ. ന. ആ. ക. പെ. | വെ. |
| 22 ● | 6 | ചൊ | † മാതാവിൻ കരേററം. എട്ടാം. ന. ആ. ക. പെ. | വെ. |
| 23 | 7 | ബു | ശ്ലീഹ. ബൎത്തലോമ്മാ. ത. ന. ആ. ക. ത. (ഇ. വി). | റോ. |
| 24 | 8 | വ്യാ | (✠) ശ്ലീഹ. ബൎത്തലോമ്മാ. ന. ക. പെ. | ച്യു. |
| 25 | 9 | വെ | അ. മെ. ലൂദവിക്കോസ്. ന. ആ. ക പെ. | വെ. |
| 26 | 10 | ശ | പാ. വേദ. സെപ്പരീൻ. ന. ആ. ക. പെ. | ച്യു. |
| 27 | 11 | ഞാ | ✠ പന്ത. ൧൨-ാം ഞാ. ന. ക. ആ. ൎ൨ ൦. 2 | പ. |
| 28 | 12 | തി | മ. അ. അഗുസ്തീനോസ്. ന. ക. പെ. | ച്യു. |
| | | | എറണാകുളം വി. അപ്പ. നാമകാരണൻ. | |
| 29 | 13 | ചൊ | ശ്ലീ. യോഹന്നാൻമാംദാനാ. ശിരഛേദ. ന. ആ. ക. പെ. | ച്യു. |
| 30 | 14 | ബു | † ക. റോസലീമാ. ന. ആ. ക. പെ. | വെ. |
| | | | ക. മാ. പിറവി. നവനാൾ തുടങ്ങുന്നു. | |
| 31 | 15 | വ്യാ | † മെ. അപ്രസ്സൂത. റൈമുന്ത. ന. ആ. ക. പെ. | വെ. |
| | | | നാളെ മുതൽ വ്യാകുലമാതാവിൻെറ വണക്കമാസമാരംഭിക്കുന്നു. | |

Printed and published for the Proprietor by P. K. Joseph, at
the St. Joseph's Press, Mannanam. 1922.

# കുസുമഗ്രന്ഥാവലി പ്രസിദ്ധീകരണങ്ങൾ.

| നമ്പർ | | വില അണ. |
|---|---|---|
| 1. | യാക്കോബായസഭ. (ഫാദർ ബെസ്റ്റാർഡ് സി. ഡി.) | 1 |
| 4. | ഭാരതഹൃദയം. (സി. അന്തപ്പായി ബി. ഏ.) | 1 |
| 5. | അൽമേനികളും വേദപ്രചാരവും. (ഫാദർ ജോസഫ് പഞ്ഞിക്കാരൻ എം. ഏ.) | 1 |
| 7. | കത്തോലിക്കാസഭ. (കെ. ഇ. ജോബ് ബി. ഏ.) | 1 |
| 8. | ദിവ്യകാരുണ്യകീർത്തനങ്ങൾ. (ഫാദർ സൈമൺ സി. ഡി.) | 1 |
| 10. | മാർപ്പാപ്പായുടെ അപ്രമാദിത്വം. (ഫാദർ റൊമേവൂസ് സി. ഡി.) | 1 |
| 11. | ക്രിസ്തീയപുനരൈക്യം. (സി. അന്തപ്പായി ബി. ഏ.) | 2 |
| 12. | മാതൃകാവിദ്യാർത്ഥിയായ മാർ ലൂയീസു ഗൊൺസാഗാ. (ഫാദർ സൈമൺ സി. ഡി.) | ½ |
| 13. | തിരിഞ്ഞെടുക്കപ്പെട്ട പാത്രം. (കട്ടക്കയത്തിൽ ചെറിയാൻമാപ്പിള.) | 1 |
| 14. | അകത്തോലിക്കർക്കുവേണ്ടി നാം എന്തുചെയ്യുന്നു? (കെ. ജെ. പോൾ വക്കീൽ) | |

താഴെപ്പറയുന്ന ഏതെങ്കിലും മേൽവിലാസത്തിൽ അപേക്ഷിക്കുക.

മാനേജർ,
കർമ്മലകുസുമം,
മാന്നാനം.

മാനേജർ,
കത്തോലിക്കാ ഡിപ്പോ,
എർണാകുളം.

## മഹാന്മാരുടെ ആശിസ്സ്.

ചങ്ങനാശേരി മിസ്സത്തിൻെറ വികാരിജനറാൾ റൈററ് റവ. മോൺസിഞ്ഞോർ ജേക്കബ് കല്ലറയ്ക്കൽ അവർകൾ എഴുതുന്നത്.

"അയച്ചുതന്ന 'കുസുമ'ഗ്രന്ഥാവലിപ്പുസ്തകങ്ങൾ എല്ലാം കിട്ടി. വളരെ നന്ദിപറയുന്നു. ലോകോപകാരാർത്ഥമുള്ള നിങ്ങളുടെ ഈ ശ്രമത്തെ ഞാൻ വളരെ അഭിനന്ദിക്കയും നിങ്ങൾക്കു സർവ്വവിജയങ്ങളും ആശംസിക്കയും ചെയ്യുന്നു. തൽക്കാലം പത്തു രൂപ ഇതോടുകൂടി അയക്കുന്നു...."

സെൻറ് ബർക്കുമാൻസ് കോളജ് പ്രിൻസിപ്പാൾ റവ ഫാദർ മാത്യു പുരയ്ക്കൽ എം. ഏ. അവർകൾ എഴുതുന്നത്.

"... May I thank you for the good many book-lets you were kind enough to send me ...... Believe me, dear Father, I always feel edified by the slow, silent services which the members of your Congregation are doing to our people. I wish you all success."

പാലാ സെൻറ് തോമസ് ഹൈസ്കൂൾ മാനേജർ റവ. ഫാദർ തോമസ് മുരിക്കൻ അവർകൾ എഴുതുന്നത്.

"I thank you very much for the copies of the 'Flower Series' so kindly sent to me. I need hardly say how much they are appreciated by the reading public. In fact they will supply a want so widely felt both by Catholic and non Catholic Christians. I wish every success to your attempts."

Registered No. M. 365. No: T. 2.

# വി. പാപ്പിക്കമ്പനി
## മാന്നാനം.

### റബേക്ക സാമാനങ്ങൾ

| ചെമ്പൽ്പുട്ട നീളം വണ്ണം | | | Rs. | as. | p. |
|---|---|---|---|---|---|
| ൧-ാം ചരട് ,, | ൨൭ | 1-ന് | 0 | 14 | 0 |
| ൨-ാം ,, പിരിച്ചതു | ൨൪ | ,, | 0 | 9 | 0 |
| ൩-ാം ,, | ൨ | ,, | 0 | 9 | 0 |
| ൪-ാം ,, | ൧ | ,, | 0 | 4 | 6 |
| ൧-ാം കമ്പി | ൧ | ,, | 0 | 3 | 0 |
| ൨-ാം ,, | ൧ | ,, | 0 | 3 | 6 |
| ൩-ാം ,, | ൧ | ,, | 0 | 4 | 6 |
| ൪-ാം ,, | ൧ | ,, | 0 | 5 | 0 |
| ആക്കമ്പടി ൧-ാംതരം | ൧ | ,, | 1 | 6 | 0 |
| ടി. ൨-ാംതരം | ൧ | ,, | 1 | 0 | 0 |
| അറ്റ്പ്പുസ് ൧-ാംതരം | ൧ | ,, | 0 | 6 | 0 |
| ടി. ൨-ാംതരം | ൧ | ,, | 0 | 4 | 6 |
| ടി. ൩-ാംതരം | ൧ | ,, | 0 | 3 | 0 |
| പേന്തി. (Bridge) | ൧ | ,, | 0 | 3 | 0 |
| ആണി. (Screw) | ൧ | ,, | 0 | 3 | 0 |
| പരന്തുവാൽ. (Tail piece) | | | | | |
| ൧-ാംതരം | ൧ | ,, | 0 | 12 | 0 |
| ടി. ൨-ാംതരം | ൧ | ,, | 0 | 10 | 0 |
| ബൃക്കബയണ്ടിംഗിനുള്ള | | | | | |
| തങ്കം ബുക്ക | ൧ | ,, | 2 | 4 | 0 |
| ടി. വെള്ളി | ൧ | ,, | 0 | 8 | 0 |

### ഭക്തികടുത്ത സാമാനങ്ങൾ

#### അലൂമിനം കാശുരൂപങ്ങൾ

| | | | Rs. | as. | p. |
|---|---|---|---|---|---|
| | അമലോത്ഭവം (മുട്ടഭാഷ) | ഡസൻ 1ക്ക | 0 | 2 | 3 |
| നമ്പ്ര 1 | സെൻറു ജോസഫ് ,, | ,, | 0 | 3 | 6 |
| 1251 | ഇത്താല്യൻ കാശു. ,, | ,, | 0 | 5 | 0 |
| 247 | വി. അന്തോനി (വട്ടം) | ,, | 0 | 10 | 0 |
| 100 | വി. തോമ്മാശ്ലീഹാ. ,, | ,, | 0 | 10 | 0 |
| 101 | ടി. പിച്ചള ,, | ,, | 0 | 7 | 0 |
| 50 | വി. കബാന. | ,, | 1 | 0 | 0 |
| 53 | അമലോത്ഭവം. | ,, | 1 | 0 | 0 |
| 56 | ടി. | ,, | 1 | 4 | 0 |
| 131 | തിരുഹൃദയം. | ,, | 1 | 4 | 0 |
| 6434 | ,, | ,, | 1 | 4 | 0 |

#### അലൂ. വെന്തിഞ്ഞ കാശുരൂപങ്ങൾ.

| | | | Rs. | as. | p. |
|---|---|---|---|---|---|
| 298 | മുട്ടഭാഷ. | ,, | 0 | 5 | 0 |
| 324 | കക്കടവൃത്തം. | ,, | 0 | 5 | 0 |
| 231 | നീണ്ടഭാഷ. | ,, | 0 | 7 | 0 |
| 337 | വൃത്തം. | ,, | 0 | 7 | 0 |
| 338 | വൃത്തം. | ഡസൻ ൧ക്ക,, | 0 | 10 | 0 |
| 7030 | ചങ്കിര എരട്ടത്തട്ടു ചെറുതു് | ,, | 0 | 10 | 0 |
| 325 | കക്കടവൃത്തം. | ,, | 0 | 12 | 0 |
| 342 | കരിശുഭാഷ. | ,, | 0 | 12 | 0 |
| 7023 | ചങ്കിര ഒററത്തട്ടു. | ,, | 0 | 14 | 0 |
| 7031 | ചങ്കിര എരട്ടത്തട്ടു വലുതു് | ,, | 1 | 0 | 0 |
| 399 | നക്ഷത്രഭാഷ. | ,, | 1 | 4 | 0 |
| 321 | മുന്തിരിങ്ങാ വള്ളിക്കെട്ടു. | ,, | 1 | 4 | 0 |

#### പള്ളക്കു് കാശുരൂപങ്ങൾ.

| | | | Rs. | as. | p. |
|---|---|---|---|---|---|
| 0 0 | തിരുഹൃ. അമലോ. മുട്ടഭാഷ | ,, | 2 | 4 | 0 |
| 0 | ,, ,, ,, | ,, | 3 | 0 | 0 |
| 1 | ഇരുവശത്തും പടമുള്ള അരുളിക്ക | ,, | 1 | 11 | 0 |

#### പിച്ചളക്കുരിശുകൾ.

| | | | Rs. | as. | p. |
|---|---|---|---|---|---|
| 34 | $1\frac{1}{4}$ ഇഞ്ച് നീളം | ഡസൻ 1 ,, | 0 | 10 | 0 |
| 35 | $1\frac{1}{2}$ ,, | ,, ,, | 0 | 14 | 0 |
| 38 | 2 ,, | ,, ,, | 1 | 0 | 0 |
| 39 | $2\frac{3}{4}$ ,, | ,, ,, | 1 | 11 | 0 |
| 43 | 4 ,, | ,, ,, | 2 | 10 | 0 |
| 45 | 5 ,, | ,, ,, | 3 | 12 | 0 |
| 5100 | ചെറിയവെള്ളിപൂച്ച് കരിശു | | 0 | 2 | 3 |

#### അലൂ. കുരിശുകൾ

| | | | Rs. | as. | p. |
|---|---|---|---|---|---|
| 104 | B. $1\frac{3}{4}$ ,, | ,, ,, | 2 | 4 | 0 |
| 105 | B. $2\frac{1}{8}$ ,, | ,, ,, | 3 | 0 | 0 |
| 964 | M. 3 ,, | ,, ,, | 3 | 12 | 0 |
| 966 | M. $3\frac{1}{4}$ ,, | ,, ,, | 5 | 4 | 0 |
| 970 | M. $4\frac{1}{2}$ ,, | ,, ,, | 9 | 0 | 0 |
| 45 | B. 5 ,, | ,, ,, | 12 | 0 | 0 |
| 974 | M. 6 ,, | ,, ,, | 16 | 8 | 0 |

#### പടങ്ങൾ.

| | | | Rs. | as. | p. |
|---|---|---|---|---|---|
| 8×10 | വലിപ്പം | ,, | 1 | 8 | 0 |
| 8×12 | ടി. (തിരുഹൃദയം) | ,, | 2 | 2 | 0 |
| 13×17 | ടി. | ,, | 4 | 14 | 0 |
| 16×20 | ടി. | ,, | 6 | 12 | 0 |
| | പ്രയർബുക്ക സയിസു പടങ്ങൾ | ,, | 0 | 5 | |
| | കാർഡ് റെസസു പാപ്പാമുതലായ | ,, | 0 | 10 | 0 |

#### ത്രപശീലകൾ

| | | Rs. | as. | p. |
|---|---|---|---|---|
| നാലത്രപട്ടീല (36 പാത്ര) പാളി. ൧-ന്ന | | 0 | 12 | 0 |
| കണ്ടല ,, (64 പാത്ര) | ,, | 0 | 10 | 0 |

#### മരുന്നുകൾ.

| | | Rs. | as. | p. |
|---|---|---|---|---|
| ൧-ാംതരം പാൻക്കായം രൂപ: തൂക്കം | 1ന | 0 | 3 | 0 |
| ൧-ാംതരം പച്ചക്കർപ്പൂരം പണമിട | ,, | 0 | 1 | 6 |

P. Pappy and Co.
Mannanam, Travancore.